
# പ്രതീക്ഷയുടെ പൂമൊട്ടുകൾ

കൈത്താ ലക്കം 2014



പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്



# പിതൃമൊഴി

## ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ

- നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് പരസ്പരം കലഹിക്കാനോ പോരാടാനോ, വിദ്വേഷം വെച്ചു പുലർത്താനോ വേണ്ടിയല്ല, പ്രത്യുത പരസ്പരം സ്നേഹിക്കാനും സഹായിക്കാനും വേണ്ടിയാണ്.
- ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിക്കുന്നതിനുവേണ്ടി നാം സ്നേഹത്തിന്റെ അവതാരമായി മാറണം.
- ദൈവത്തിന്റെ പരിപൂർണതയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള നമ്മുടെ ജീവിത യാത്രയിലെ ഓരോ ചുവടുവയ്പുകളുടെയും പ്രവർത്തനങ്ങളുടെയും പിന്നിൽ സ്നേഹമായിരിക്കട്ടെ നമ്മെ നയിക്കുന്നത്.
- നമ്മുടെ യാത്ര സ്നേഹമാകുന്ന ദൈവം നമ്മുടെ ചരിത്രത്തിൽ സന്നിഹിതനാണെന്ന സദ്വാർത്ത സഹോദരങ്ങൾക്കു കൊണ്ടുപോയി കൊടുക്കാനുള്ള യാത്രയാണ്.
- കുരിശിൽ സ്വയം ഹോമിച്ചുകൊണ്ടുപോലും ഈശോ എല്ലാ മനുഷ്യരേയും സ്നേഹിച്ചു. അതുകൊണ്ട് ക്രിസ്തീയ സാഹോദര്യം ഒരുവനെ സ്വാർത്ഥതയുടെ മാളത്തിലൊളിക്കുവാനും സ്വയം തൃപ്തിയിൽ മാത്രം മുഴുകുവാനും, നിസ്സംഗനായിരിക്കുവാനും ഒരിക്കലും അനുവദിക്കുന്നില്ല.
- നിന്റെ പെരുമാറ്റം സാഹോദര്യത്തിനു യഥാർത്ഥമായൊരു സാക്ഷ്യമായിരിക്കട്ടെ. സഹോദര്യത്തിന്റെ തത്ത്വങ്ങൾക്കനുസരിച്ച് നിന്റെതന്നെ ജീവിതം ക്രമപ്പെടുത്തുക.
- നമ്മുടെ സേവനം എപ്പോഴും സ്നേഹയോഗ്യവും പരമാവധി അർപ്പണത്തിനു തയ്യാറുള്ളതുമാകണം.
- സാക്ഷ്യം നൽകുന്ന സാന്നിധ്യമാണ് ഏറെ വിശ്വസനീയം. നമ്മൾ പ്രഘോഷിക്കുന്നതു ജീവിക്കുന്നവരാകുമ്പോൾ അതു വലിയ സാക്ഷ്യമാണ്.
- നമ്മുടെ മിഷനറി മനസാക്ഷി മറ്റുള്ളവർക്ക് ഈശോയെ കൊടുക്കാൻ വെമ്പൽ കൊള്ളുന്നതായിരിക്കണം.
- ആത്മാക്കൾക്കുവേണ്ടി ഇല്ലാതാകുകയും എല്ലാവർക്കും എല്ലാമായി തീരുകയും മറ്റുള്ളവർക്ക് നമ്മുടെമേൽ അവകാശം നൽകുകയും ചെയ്യുക.
- ഒരുമ ആഗ്രഹിക്കുന്നുവെങ്കിൽ മറ്റുള്ളവരുടെ നേർക്ക് ഒന്നല്ല, ഒൻപതല്ല നൂറു ചുവടുകൾ നീ തന്നെ വയ്ക്കുക. നിനക്കു പുഞ്ചിരി സമ്മാനിക്കുകയോ നീയുമായി സംഭാഷണം നടത്തുകയോ ചെയ്യാൻ തുനിയാതെ നിന്നെ വിഷമിപ്പിച്ചവരോട് എല്ലാം മറന്നു നീ പെരുമാറുക.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 32 കൈത്താ ലക്കം 2014

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"* (1 തെസ 4,3)


രക്ഷാധികാരി:
**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**സുജ ചോതിരക്കുന്നേൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ഫിലോ കുറ്റിയാത്ത് എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**

**വാർഷിക വരിസംഖ്യ -100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**


## ഉള്ളടക്കം


- സകലത്തെയും അതിജീവിക്കുന്ന മിശിഹായുടെ സ്നേഹം 03
- ആത്മാവിന്റെ ചൊരിയപ്പെടുന്ന ദാനങ്ങൾ 06
- സഭാവളർച്ച കുടുംബങ്ങളിലൂടെ 08
- ലീലാമ്മചേച്ചിയുടെ ജീവിതസങ്കീർത്തനം 10
- കാലമായി ഫലം പുറപ്പെടുവിക്കാൻ 12
- പുളിമരം പഠിപ്പിച്ച പാഠം 14
- വിശുദ്ധിയുടെ മുത്തുകൾക്ക് 16-17
- Say Thank You 18
- ഭ്രാന്തനും നമ്മളും 19
- ദീപമായ് നിൻ പ്രഭയേകാൻ 20
- പ്രകാശദീപം 21
- നിങ്ങൾ കടംകൊടുക്കുമോ? 23
- തിരിച്ചറിവ് 24
- വിശുദ്ധി സ്നേഹത്തിന്റെ നിറവ് 25
- സ്വർഗ്ഗാരോപണവും സ്വാതന്ത്ര്യദിനാഘോഷവും 28
- സെനക്കിൾ തരംഗം 30
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 31
- വിചാരണ 32

# പൂർണ്ണസ്വാതന്ത്ര്യത്തിന്റെ പ്രഭ

പരിശുദ്ധാത്മശക്തിയാൽ ജീവൻ തൃണവൽക്കരിച്ച് ലോകമെങ്ങും സുവിശേഷമറിയിച്ച ശിഷ്യന്മാരുടെ പ്രവർത്തനഫലമായി ജന്മംകൊണ്ട തിരുസ്സഭയുടെ വളർച്ചയുടെ കാലഘട്ടം ധ്യാനവിഷയമാക്കുന്ന കൈത്താക്കാലം കടന്നുവന്നിരിക്കുന്നു. തങ്ങൾ ഏറ്റുപറഞ്ഞ മിശിഹായിലുള്ള വിശ്വാസം കാത്തുസൂക്ഷിക്കുവാൻ ആദിമസഭയുടെ മക്കൾ ഒത്തിരി പ്രതിസന്ധിഘട്ടങ്ങളിലൂടെയും സഹനാനുഭവങ്ങളിലൂടെയും കടന്നുപോയിട്ടുണ്ട്. സഭാമാതാവിന്റെ നിലനില്പിനും വളർച്ചയ്ക്കുമായി സ്വനിണം ചിന്തിയ രക്തസാക്ഷികളുടെയും വിശുദ്ധരുടെയും ഓർമ്മ ഈ ആരാധനാവത്സരകാലഘട്ടത്തിൽ നാം സമുചിതമായി കൊണ്ടാടുന്നുണ്ട്.

സഭാമക്കളുടെ വളർച്ചയാണ് സഭാമാതാവിന്റെ വളർച്ച; ശാഖകളായ മക്കൾ പുറപ്പെടുവിക്കുന്ന ഫലങ്ങളാണ് സഭാതരുവിന്റെ ഭൂഷണം. ശ്ലീഹന്മാരിലൂടെയും അനേകം വിശുദ്ധാത്മാക്കളിലൂടെയും കൈമാറിക്കിട്ടിയ വിശ്വാസപൈതൃകം കറപുരളാതെ കാത്തുസൂക്ഷിക്കുവാനും വരുംതലമുറകളിലേക്ക് കലർപ്പില്ലാതെ പകരുവാനുമുള്ള കടമ സഭയുടെ മക്കൾക്കോരോരുത്തർക്കുമുണ്ട്. ലൗകികതയുടെ കുത്തൊഴുക്കിൽപ്പെട്ടിരിക്കുന്ന ഈ ലോകത്ത്, വിശ്വാസത്തിന്റെ പ്രേഷിതത്വം നാമായിരിക്കുന്ന ഇടങ്ങളിൽ നിർവഹിക്കുവാൻ പല തടസ്സങ്ങളെയും നമുക്കും നേരിടേണ്ടി വന്നേക്കാം. ആദിമസഭാംഗങ്ങളുടെ തീക്ഷ്ണതയോടെ വിശ്വാസത്തിൽ ഉറച്ചുനിന്ന്, മിശിഹായ്ക്കു സാക്ഷ്യംവഹിക്കുന്നതിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളെയെല്ലാം അനുദിനജീവിതത്തിലെ രക്തസാക്ഷിത്വമായി കണ്ടുകൊണ്ട് ധീരതയോടെ, സ്വതന്ത്രമനസ്സോടെ, സ്വീകരിക്കാൻ നമുക്കു കഴിയണം.

സഭയുടെ ആദ്യഫലമായ പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷിക്കുന്ന സുദിനത്തിൽത്തന്നെ വിദേശാധിപത്യത്തിൽനിന്നും സ്വതന്ത്രയായതിന്റെ ഓർമ്മ ആഘോഷിക്കുന്ന ഭാരതാംബയ്ക്ക് യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ മധുരം വിളമ്പാൻ ക്രിസ്തീയവിശ്വാസികളായ മക്കൾക്കു കഴിയണം. ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യമാണ് യഥാർത്ഥ സ്വാതന്ത്ര്യം. അത് പാപത്തിന്റെ അടിമത്തത്തിൽനിന്നുള്ള സ്വാതന്ത്ര്യമാണ് (യോഹ 8,43). ദൈവവചനത്തിൽ നിലനില്ക്കുകയും ദൈവഹിതത്തിനനുസൃതമായി ജീവിക്കുകയും ചെയ്യുമ്പോൾ ലഭിക്കുന്ന സത്യത്തെക്കുറിച്ചുള്ള ജ്ഞാനം നല്കുന്ന സ്വാതന്ത്ര്യമാണ് (യോഹ 8,31-36). സഭയുടെ വിശ്വാസത്തിനനുസൃതമായി ജീവിക്കുന്നവരെല്ലാം അനുഭവിക്കുകയും സഹജർക്ക് പങ്കുവയ്ക്കുകയും ചെയ്യേണ്ട സ്വാതന്ത്ര്യമാണ് അത്. ഇപ്പോഴും പലതിന്റെയും അടിമത്തത്തിലായിരിക്കുന്ന ഭാരതജനത പൂർണ്ണസ്വാതന്ത്ര്യത്തിന്റെ പ്രഭയിൽ പ്രകാശിക്കുവാൻ ദൈവമാതാവിന്റെ മാദ്ധ്യസ്ഥ്യം നമുക്കു തേടാം. ഏവർക്കും സ്വർഗ്ഗാരോപണ തിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ!!

ചീഫ് എഡിറ്റർ







# സകലത്തെയും അതിജീവിക്കുന്ന മിശിഹായുടെ സ്നേഹം

മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ

അന്ത്യത്താഴസന്ദർഭത്തിൽ ശിഷ്യരോടു വിടപറയുന്ന ഈശോ, തനിക്ക് അവരോടുള്ള സ്നേഹം എങ്ങനെയുള്ളതാണെന്നു വ്യക്തമാക്കുന്ന ഒരു രംഗമാണ് അന്ത്യപ്രഭാഷണത്തിന്റെ അവസാനഭാഗം അവതരിപ്പിക്കുന്നത്. വി. യോഹന്നാന്റെ സുവിശേഷം 16-ാം അദ്ധ്യായം 29 മുതൽ 33 വരെയുള്ള വാക്യങ്ങളിൽ ഈശോയും ശിഷ്യന്മാരും തമ്മിലുള്ള സംഭാഷണത്തിലാണ് ഇക്കാര്യം വ്യക്തമാകുന്നത്. 'ഞാൻ പിതാവിൽനിന്നു പുറപ്പെട്ടു ലോകത്തിലേക്കു വന്നു. ഇപ്പോൾ വീണ്ടും ലോകം വിട്ടു പിതാവിന്റെ അടുത്തേക്കു പോകുന്നു" (യോഹ 16,28) എന്ന് ഈശോ പറഞ്ഞപ്പോൾ അവർക്കു ലഭിച്ച ഒരു ഉൾക്കാഴ്ചയായിട്ടാണ് ഈ സ്നേഹത്തിന്റെ വെളിപ്പെടുത്തൽ ഇവിടെ നടക്കുന്നത്. ശ്ലീഹന്മാരോടുള്ള ഈശോയുടെ സ്നേഹത്തിന്റെ ചില പ്രത്യേകതകൾ ഇവിടെ വ്യക്തമായി കാണാം. വി. പൗലോസ്ശ്ലീഹായുടെ ഭാഷയിൽ. 'സകലത്തെയും അതിജീവിക്കുന്ന സ്നേഹം' (1 കൊറി 13,7) എന്ന് അതിനെ വിശേഷിപ്പിക്കാം.

**മനസ്സിലാക്കുന്ന സ്നേഹം**

ശിഷ്യന്മാരുടെ പര്യാകുലരായുള്ള പരസ്പരസംസാരംകേട്ട്, താൻ പറഞ്ഞ പല കാര്യങ്ങളും അവർക്കു മനസ്സിലായില്ല എന്നു ഗ്രഹിച്ച ഈശോ പലതും അവർക്കു പറഞ്ഞുകൊടുക്കുന്നതായി യോഹന്നാൻശ്ലീഹാ വിവരിക്കുന്നുണ്ട്: "ഇക്കാര്യം അവർ തന്നോടു ചോദിക്കാൻ ആഗ്രഹിക്കുന്നു എന്നു മനസ്സിലാക്കി ഈശോ പറഞ്ഞു" (യോഹ 16,19). അതിന്റെ വെളിച്ച

ത്തിൽ ശിഷ്യന്മാർ ഈശോയോടു ഇങ്ങനെ പറയുന്നുണ്ട്: "നീ എല്ലാക്കാര്യങ്ങളും അറിയുന്നുവെന്നും ആരും നിന്നോടു ചോദിക്കേണ്ട ആവശ്യമില്ലെന്നും ഇപ്പോൾ ഞങ്ങൾ മനസ്സിലാക്കുന്നു" (യോഹ 16,30). തന്നെ സ്നേഹിക്കുന്നവരുടെ മാനസികാവസ്ഥ മനസ്സിലാക്കി അവരെ സ്നേഹിക്കുവാൻ ഈശോയ്ക്കു കഴിഞ്ഞിരുന്നു എന്ന് ഈ വാക്കുകൾ വ്യക്തമാക്കുന്നു. ശരിയായ സ്നേഹബന്ധം പുലർത്തുവാൻ ആഗ്രഹിക്കുന്നവർ സ്നേഹിക്കുന്നവരുടെ ഹൃദയാഭിലാഷങ്ങളും പ്രതീക്ഷകളും മനസ്സിലാക്കി അതിനനുസൃതമായി പ്രത്യുത്തരിക്കുവാൻ അറിഞ്ഞിരിക്കണം. ഹൃദയരഹസ്യങ്ങൾ അറിയുന്ന ദൈവത്തിന്റെ സ്നേഹത്തിൽ പങ്കുചേരുന്നവർക്കുമാത്രമേ ഇപ്രകാരം സ്നേഹിക്കുവാൻ കഴിയൂ.

**സഹനത്തെ അതിജീവിക്കുന്ന സ്നേഹം**

"നീ ദൈവത്തിൽനിന്നു വന്നുവെന്ന് ഇതിനാൽ ഞങ്ങൾ വിശ്വസിക്കുന്നു" (യോഹ 16,30) എന്നു ശിഷ്യന്മാർ പറഞ്ഞപ്പോൾ ഈശോ ചോദിച്ചു: "ഇപ്പോൾ നിങ്ങൾ വിശ്വസിക്കുന്നുവോ? എന്നാൽ നിങ്ങൾ ഓരോരുത്തരും താന്താങ്ങളുടെ വഴിക്ക് ചിതറിക്കപ്പെടുകയും എന്നെ ഏകനായി വിട്ടുപോകുകയും ചെയ്യുന്ന സമയം വരുന്നു: അല്ല, അതു വന്നുകഴിഞ്ഞു" (യോഹ 16,31-32). മനുഷ്യന്റെ ബലഹീനതയെ അറിയുന്നവനാണ് ഈശോ. തന്റെ ശിഷ്യർക്ക് സംഭവിക്കാൻ പോകുന്നതെന്താണെന്ന് അവിടുത്തേക്ക് നല്ലവണ്ണം അറിയാമായിരുന്നു. തനിക്കേറ്റം ആവശ്യമായ സന്ദർഭത്തിൽ അവർ തന്നെ ഉപേക്ഷിച്ചുപോകുമെന്ന് ഈശോയ്ക്ക് അറിയാമായിരുന്നു. എന്നിട്ടും ഈശോ അവരെ സ്നേഹിച്ചു. മാത്രമല്ല, അവരെ വിശ്വസിച്ച് തന്റെ ദൗത്യം അവരെ ഏല്പിക്കുകയും ചെയ്തു. അവരിൽ പ്രതീക്ഷയർപ്പിച്ചുകൊണ്ട് അവരെ തുടർന്നും സ്നേഹിക്കുന്ന ഈശോയെയാണ് നാം ഇവിടെ കാണുന്നത്. സ്നേഹിക്കുന്നവരിൽനിന്ന് പ്രതീക്ഷയ്ക്കു വിരുദ്ധമായി എന്തെല്ലാം സംഭവിച്ചാലും എല്ലാം മറന്ന്, ക്ഷമിച്ച്, ഒന്നും സംഭവിക്കാത്തതുപോലെ അവരെ സ്നേഹിക്കുവാൻ നമുക്കു കഴിയണം. ദൈവത്തിന്റെ ക്ഷമിക്കുന്ന, കരുണയുള്ള സ്നേഹത്തിൽ നിലനില്ക്കുന്നവർക്കേ ഇപ്രകാരം സ്നേഹിക്കുവാൻ കഴിയുകയുള്ളൂ.

**സ്നേഹിക്കുന്നവരുടെ നന്മ ആഗ്രഹിക്കുന്ന സ്നേഹം**

ഈശോ ശിഷ്യരോടു വീണ്ടും പറയുന്നു: "നിങ്ങൾ എന്നിൽ സമാധാനം കണ്ടെത്തേണ്ടതിനാണ് ഞാൻ ഇതു നിങ്ങളോടു പറഞ്ഞത്" (യോഹ 16,33). അവർ തന്നെ ഉപേക്ഷിച്ചുപോകുമെന്നും, ഏറ്റം വലിയ വിപത്തിന്റെ സന്ദർഭത്തിൽ തന്നെ തനിയെ വിട്ടിട്ടുപോകുമെന്നും, അവരോടു മുൻകൂട്ടി പറയുന്നത് അവരോടുള്ള പരിഭവം രേഖപ്പെടുത്താനല്ല, അവർക്കു സമാധാനം ഉണ്ടാകുന്നതിനാണെന്ന് ഈശോ എടുത്തുപറയുന്നു. സാധാരണഗതിയിൽ സ്നേഹിതരുടെ തെറ്റുകൾ നമുക്കു വരുത്തുന്ന നഷ്ടത്തെപ്പറ്റിയാണ് നാം ചിന്തിക്കുക. എന്നാൽ ഈശോ നേരെ മറിച്ചാണ് ചിന്തിക്കുന്നത്. അവരുടെ തെറ്റുകൾ അവർക്കു വരുത്തുന്ന വിനയെക്കുറിച്ചാണ് ഈശോ ചിന്തിച്ചത്. ഈശോ ഇത് മുൻകൂട്ടി പറഞ്ഞിരുന്നില്ലെങ്കിൽ ഗുരുവിനെവിട്ട് ഓടിപ്പോയപ്പോൾ അവർ നിരാശാഭരിതരാകുമായിരുന്നു. എന്നാൽ ഈശോയുടെ വാക്കുകൾ അവർക്കു പ്രത്യാശ നല്കുന്നവയായിരുന്നു. എന്തെല്ലാം സംഭവിച്ചാലും ഈശോയുടെ സ്നേഹത്തിന് യാതൊരു മാറ്റവും സംഭവിക്കുകയില്ല എന്ന് അവർക്കു തീർച്ചയുണ്ടായി. മറ്റുള്ളവരുടെ ഭാഗത്തുനിന്ന് സ്നേഹമില്ലായ്മ ഉണ്ടായാലും നമ്മുടെ ഭാഗത്തുനിന്ന് സ്നേഹത്തിന് ഒരു കുറവും വരികയില്ല എന്ന ബോദ്ധ്യം അവരിൽ ഉളവാകത്തക്കവിധം നാം അവരെ സ്നേഹിക്കണം. സ്നേഹമില്ലായ്മ നമുക്കു വരുത്തുന്ന നഷ്ടത്തെക്കാൾ അവർക്കു വരുത്തുന്ന തിന്മയെക്കുറിച്ചു ചിന്തിക്കുകയും അത് ഒഴിവാക്കാൻ നാം ശ്രമിക്കുകയും വേണം.



**ദൈവസ്നേഹത്തിൽ ഊന്നിനില്ക്കുന്ന സ്നേഹം**

ഈശോ പറയുന്നു: "നിങ്ങൾ ...എന്നെ ഏകനായി വിട്ടുപോകുകയും ... എങ്കിലും ഞാൻ ഏകനല്ല കാരണം, പിതാവ്, എന്നോടു കൂടിയുണ്ട്" (യോഹ 16,32). മാനുഷികസ്നേഹം പരാജയപ്പെടാവുന്ന സ്നേഹമാണ്; തകർന്നുപോകാവുന്ന സ്നേഹമാണ്; പ്രത്യേകിച്ച്, സ്നേഹിക്കുന്നവരിൽനിന്നും സ്നേഹരാഹിത്യവും വഞ്ചനയും ഉണ്ടാകുമ്പോൾ. അങ്ങനെയുള്ള സന്ദർഭങ്ങളിലും സ്നേഹത്തിൽ നിലനില്ക്കണമെന്നാണ് ഈശോ ശിഷ്യരെ പഠിപ്പിച്ചത്: "നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനില്ക്കുവിൻ" (യോഹ 15,9). അതിനു മാതൃകയായി ഈശോ തന്നെത്തന്നെ കാണിച്ചുകൊടുക്കുകയും ചെയ്തു: "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനില്ക്കുന്നതുപോലെ..." (യോഹ 15,10). പിതാവിന്റെ സ്നേഹത്തിലുള്ള നില്നില്പാണ് ഈശോയെ ശിഷ്യരോടുള്ള സ്നേഹത്തിൽ നിലനില്ക്കാൻ ശക്തിപ്പെടുത്തിയത്. അതുകൊണ്ട് പ്രാർത്ഥനാജീവിതത്തിലൂടെ ദൈവസ്നേഹത്തിൽ നിലനില്ക്കുന്നവർക്കേ സകലതിനെയും അതിജീവിക്കുന്ന സഹോദരസ്നേഹം ജീവിതത്തിൽ പ്രാവർത്തികമാക്കാനാവൂ.

**സമാശ്വസിപ്പിക്കുന്ന സ്നേഹം**

ഈശോ പറയുന്നു: "ലോകത്തിൽ നിങ്ങൾക്കു ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു" (യോഹ 16,33). ഈശോ സഹനത്തിലൂടെ കടന്നുപോകുമ്പോഴും ശിഷ്യരുടെ സഹനത്തെപ്പറ്റിയാണ് പര്യാകുലനാവുന്നത്. അവരെ ധൈര്യപ്പെടുത്താനും ആശ്വസിപ്പിക്കുവാനുമാണ് അവിടുന്നു ശ്രമിക്കുന്നത്. ലോകത്തിനു ചെയ്യാവുന്നതിന്റെ പരമാവധി ദ്രോഹമാണ്, അവിടുത്തെ മരണത്തിനു വിധേയനാക്കിയതിലൂടെ ഈശോയോടു ചെയ്തത്. എന്നാൽ തന്റെ ഉത്ഥാനത്തിലൂടെ ഈശോ മരണത്തെ ജയിച്ചു. അതിലൂടെ അതിന്റെ പിന്നിൽ പ്രവർത്തിച്ച ലോകത്തെയും അവിടുന്നു ജയിച്ചു. തന്റെ മാതൃക എടുത്തുകാണിച്ചുകൊണ്ട് ഈശോ ശിഷ്യരെ ധൈര്യപ്പെടുത്തുന്നു. ഈ ലോകജീവിതം സഹനത്തിന്റെ വേദിയാണ്. സഹനത്തിലൂടെ കടന്നുപോകുന്ന ഈലോകജീവിതത്തിൽ ഈശോയെ അനുകരിച്ച് പരസ്പരം ആശ്വസിപ്പിക്കുവാനും ധൈര്യപ്പെടുത്തുവാനും നമുക്കും കഴിയണം.



# ആത്മാവിന്റെ ചൊരിയപ്പെടുന്ന ദാനങ്ങൾ

**അനു കുരിശുംമൂട്ടിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

വേനൽ ചൂടിന്റെ കാഠിന്യത്തിൽ നിന്ന് വരണ്ടുണങ്ങിയ ഭൂമിയെ രക്ഷിക്കാൻ മഴ വരമായി പെയ്തിറങ്ങുന്ന കാലം. വരണ്ട ഭൂമിക്കറിയാം നനയ്ക്കുന്ന മഴത്തുള്ളിയുടെ മൂല്യം! വരണ്ടുണങ്ങിയ ഭൂമിയും നനയ്ക്കുന്ന മഴത്തുള്ളികളും മനുഷ്യാത്മാവിന്റെ പ്രതിരൂപങ്ങളാണ്. ദൈവത്തിൽ എത്തിച്ചേരുന്നതുവരെ സ്വസ്ഥത അനുഭവിക്കാനാവാതെ അലയുന്ന മനുഷ്യ ഹൃദയങ്ങളിലേക്ക് ദൈവം തന്റെ ആത്മാവിലൂടെ സ്നേഹത്തിന്റെ ഒഴുക്ക് തുടരുകയാണ്. സ്വീകരിക്കുന്നതുപോലെ നൽകുക എന്നത് പ്രകൃതിയുടെ നിയമം! പരിശുദ്ധാത്മാവിലൂടെ ലഭിച്ച ദാനങ്ങൾക്ക് തക്കവിധം ഫലം പുറപ്പെടുവിക്കുക എന്നത് ദൈവതിരുമുമ്പിൽ മനുഷ്യന്റെ കടമ മാത്രം! കൈത്താക്കാലം ഒരു തിരിഞ്ഞുനോട്ടത്തിലേക്ക് നമ്മെ ക്ഷണിക്കുകയാണ്. ചില ഓർമ്മകളെ നവീനമാക്കാൻ! സ്വീകരിച്ച ദാനങ്ങളെക്കുറിച്ച് അവബോധമുണ്ടെങ്കിലേ ഫലംപുറപ്പെടുവിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് നാം ഉണരുകയുള്ളൂ!



എന്തൊക്കെയാണ് നാം ദൈവത്തിൽ നിന്നും സഹോദരങ്ങൾ വഴി, സഭവഴി സ്വീകരിച്ചിട്ടുള്ളത്? ഉചിതമായ ഉത്തരം വി. പൗലോസ് ശ്ലീഹാ നമ്മോട് പറയുന്നുണ്ട്: "സ്വീകരിക്കാത്തതായി നിനക്ക് എന്തുണ്ട്? എല്ലാം ദാനമായിരിക്കേ ദാനമല്ലയെന്നമട്ടിൽ നീ അഹങ്കരിക്കുന്നത് എന്തിന്?" അനുദിനം പലപ്രാവശ്യം ധ്യാനിക്കേണ്ട വചനമാണിത്. സ്വന്തമായി ഒന്നുമില്ല, എല്ലാം ദൈവദാനം!

സ്വീകരിച്ച ദാനങ്ങളെക്കുറിച്ചുള്ള ഓർമ്മ നവീനമാകുമ്പോഴാണ് ദൈവസ്നേഹംകൊണ്ട് ഹൃദയം ജ്വലിക്കുന്നത്. സ്നേഹംകൊണ്ട് ജ്വലിക്കുന്ന ഹൃദയത്തിൽ നിന്ന് ദൈവസ്നേഹത്തിന്റെ ചൂടും വെളിച്ചവും ശക്തിയും പ്രസരിക്കും. "ഈശോയുടെ സ്നേഹം എന്ന തള്ളുന്നു, നിർബന്ധിക്കുന്നു" എന്ന പൗലോസ്ശ്ലീഹായുടെ വാക്കുകൾ ദൈവസ്നേഹം കൊണ്ട് നിറഞ്ഞ ഒരാത്മാവിന്റെ സ്പന്ദനമാണ്.

ഇവിടെയാണ് ഫലം ചൂടിനിൽക്കുന്ന ഒരാത്മാവിന്റെ ജീവിതം പ്രകടമാകുന്നത്. എന്താണ് ദൈവാത്മാവിനാൽ നിറഞ്ഞ ഒരു വ്യക്തി പുറപ്പെടുവിക്കുന്ന ഫലങ്ങൾ?

ആത്മാവിന്റെ ഫലങ്ങൾ ഏതെന്ന് പൗലോസ്ശ്ലീഹാ വ്യക്തമാക്കുന്നുണ്ട്. ഗലാ 5,22 ൽ നാം വായിക്കുന്നു: എന്നാൽ പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ സ്നേഹം, സന്തോഷം, സമാധാനം, ക്ഷമ, നന്മ, കരുണ, വിശ്വസ്തത, ശാന്തത എന്നിവയാണ്. മാമ്മോദീസായിലൂടെ ദൈവാത്മാവിനെ സ്വീകരിച്ച നമ്മുടെ ജീവിതത്തിൽ ഒന്നാമതായി പൂർണ്ണതയിലെത്തേണ്ട ഫലം സ്നേഹമാണ്.

സ്നേഹമെന്ന ഫലം പൂർണ്ണതയിൽ വളരണമെങ്കിൽ നമ്മിലെ അഹം അഴിഞ്ഞ് ഇല്ലാതാകണം. നാമെല്ലാം സ്നേഹിക്കുന്നവരാണ്, ഈശോയുടെ കല്പന ഹൃദയത്തിൽ സൂക്ഷിക്കുന്നവരാണ്: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ! **ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ എന്ന ഭാഗം പ്രാധാന്യമേറിയതത്രേ.** ഈശോയുടെ സ്നേഹത്തിന്റെ മാതൃക പിൻതുടരാൻ സാധിക്കുന്നില്ലെങ്കിൽ സ്നേഹത്തിന്റെ ഫലം സ്വാർത്ഥതയാകുന്ന കീടത്താൽ നശിപ്പിക്കപ്പെടും.

ഈശോയുടെ സ്നേഹത്തിന്റെ മാതൃക പിൻതുടരണമെങ്കിൽ കുരിശെടുക്കാൻ തയ്യാറാകണം. സഹനമില്ലാതെ കിരീടമില്ല. വിത്തുകൾ അഴിയാതെ പുതിയ ചെടി വളരുകയില്ല. സ്നേഹമാണ് നമ്മുടെ 'അഹ'ത്തിന്റെ മരണം. സ്വാർത്ഥ മോഹങ്ങളുടെ മരണം. ജഡാസക്തികളുടെ മരണം. ഈ മരണം നമ്മിൽ നടന്നെങ്കിലേ ജീവന്റെ ഫലങ്ങൾ ചൂടുവാൻ നമുക്കാവൂ...

നിലിൽക്കുന്ന ഫലങ്ങൾ ചൂടുന്ന വൃക്ഷമായിത്തീരാൻ നമ്മുടെ തോട്ടക്കാരന്റെ 'വെട്ടിയൊരുക്കലിന്' വിധേയപ്പെടാം.

ഈ കൈത്താക്കാലത്തിൽ സഭ നമ്മുടെ മുമ്പേ കടന്നുപോയ 'ഫലം'തന്ന വിശുദ്ധാത്മാക്കളെ നമ്മുടെ മുമ്പിൽ വയ്ക്കുകയാണ്-നമുക്ക് മാതൃകയായി. ദൈവസ്നേഹം ജീവിക്കാൻ നമ്മുടെ ജിവിതാവസ്ഥയിൽ സാദ്ധ്യമാണെന്ന തീർച്ച നമുക്ക് തരുവാനായി...

നമുക്ക് പ്രാർത്ഥിക്കാം. പ്രയത്നിക്കാം. പരിശുദ്ധാത്മാവിന്റെ ദാനങ്ങളാൽ നിറഞ്ഞ് ഫലം ചൂടിനിൽക്കുന്ന വ്യക്തികളായി നമ്മുടെ ജീവിതം മറ്റുള്ളവർക്ക് ദാനമായി തീരുവാൻ. പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധരുടെയും മാദ്ധ്യസ്ഥ്യം നമുക്ക് യാചിക്കാം.

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
**ഉപകാരസ്മരണ**



**കൊച്ചുറാണി ജോസഫ്**
**നെരൂൾ**

# സഭാവളർച്ച കുടുംബങ്ങളിലൂടെ

ഡോ. തോമസ് പൂവത്താനിക്കുന്നേൽ
കാഞ്ഞിരപ്പള്ളി

കൈത്താക്കാലം സഭാവളർച്ചയെ ചിന്താവിഷയമാക്കുന്നു. സഭ എന്നത് വിശ്വാസികളുടെ സമൂഹം, മിശിഹായുടെ മൗതികശരീരം, രക്ഷയുടെ കൂദാശ, ദൈവത്തിന്റെ അജഗണം എന്നിങ്ങനെ നിർവചിക്കപ്പെടുന്നു. അതായത് സഭയുടെ വളർച്ച വിശ്വാസികളുടെ കൂട്ടായ്മയിലുള്ള വളർച്ചയിലൂടെ സാധ്യമാകണം. സമൂഹത്തിൽ രക്ഷയുടെ അനുഭവം യാഥാർത്ഥ്യമാക്കുമ്പോഴാണ് സഭ വളരുന്നത്. മനുഷ്യരക്ഷ ഇഹത്തിലും പരത്തിലും യാഥാർത്ഥ്യമാകണം. അജഗണമെന്ന നിലയിൽ വർദ്ധിച്ചു പെരുകുകയും ഇടയനെ അറിഞ്ഞുവളരുകയും വേണം.

മനുഷ്യസമൂഹത്തിൽ ഏറ്റം ആദ്യം ജന്മമെടുത്ത സമൂഹവും അടിസ്ഥാനഘടകവുമാണ് കുടുംബം. വിശുദ്ധ ബൈബിളിലെ ആദ്യസന്ദേശം കുടുംബരൂപീകരണത്തിന്റേതാണ്. മനുഷ്യരൂപീകരണം കുടുംബത്തിലൂടെ! മനുഷ്യസമൂഹത്തിന്റെ ചരിത്രം കുടുംബങ്ങളുടെ ചരിത്രം! സഭയാകുന്ന സത്യത്തിന്റെ ഏറ്റം അടിസ്ഥാനഘടകമാണ് കുടുംബം. ഗാർഹിക സഭയെന്നറിയപ്പെടുന്ന കുടുംബം വളരുകയും ഫലമണിയുകയും ചെയ്യുമ്പോഴാണ് സഭ വളരുന്നത്.

രക്ഷാപദ്ധതി തിരഞ്ഞെടുക്കപ്പെട്ട കുടുംബത്തിലൂടെ അവതരിപ്പിക്കപ്പെടുന്നു. ആദത്തിലും ഹവ്വയിലും ആരംഭിക്കുന്ന കുടുംബചരിത്രം അബ്രാഹത്തിന്റെ കുടുംബത്തിലൂടെ, പൂർവ്വപിതാക്കന്മാരിലൂടെ വളർന്ന് ഇസ്രായേൽജനതയുടെ ചരിത്രമായി. ദൈവിക രക്ഷാപദ്ധതിയുടെ പരിപൂർണ്ണത കുറിക്കുവാൻ മനുഷ്യാവതാരം ചെയ്ത രക്ഷകന്റെ ചരിത്രത്തിനും അടിസ്ഥാനമാകുന്നത് ബേത്ലഹേംകാരനായ യൗസേപ്പിന്റെ കുടുംബപശ്ചാത്തലം തന്നെ. കുടുംബത്തിനു രൂപംനല്കിക്കൊണ്ടിരുന്ന ഒരു കന്യകയെത്തന്നെ ദൈവത്തിന്റെ രക്ഷാപദ്ധതിയിലേക്ക് ഉൾച്ചേർത്തു.




രക്ഷാകരപദ്ധതിയിൽ അനാവരണം ചെയ്യപ്പെട്ട ദൈവസ്നേഹത്തെ വർണ്ണിക്കാൻ കുടുംബത്തിലെ ഭാര്യാഭർതൃബന്ധത്തിലെ, മണവാള-മണവാട്ടി ബന്ധത്തെ ദൈവം തിരഞ്ഞെടുത്തുവെന്ന് എഫേസൂസിലെ സഭയ്ക്കുള്ള ലേഖനത്തിൽ വി. പൗലോസ്ശ്ലീഹായുടെ (5,25-32) വാക്കുകൾ വ്യക്തമാക്കുന്നു. മനുഷ്യനായ ദൈവപുത്രൻ മനുഷ്യർക്കു വെളിപ്പെടുത്തിയ ദൈവത്തിന്റെ മുഖം കുടുംബത്തിലെ അപ്പന്റെ മുഖമായിരുന്നു. അതിനാൽ 'പിതാവേ' എന്നുവിളിക്കാൻ അവിടുന്നു പഠിപ്പിച്ചു.

ഏതൊരു വ്യക്തിയും ഇന്നു ഭൂമുഖത്ത് അറിയപ്പെടുന്നതിന് ഒരു കുടുംബമുണ്ടാകണം. ഔദ്യോഗികതലങ്ങളിലെല്ലാം കുടുംബപ്പേര് അന്വേഷിക്കുന്നു. അർപ്പിതദൈവവിളി സ്വീകരിച്ച എല്ലാവരുംതന്നെ തങ്ങളുടെ ദൈവവിളിക്ക് ഏറെ കടപ്പെട്ടിരിക്കുന്നത് കുടുംബത്തോടാണെന്ന് ഏറ്റുപറയുന്നു. കുടുബമാണ് വൈദികപരിശീലനത്തിന്റെ പ്രാഥമിക സെമിനാരിയെന്ന് സഭ കരുതുന്നു.

വിശ്വാസപരിശീലനത്തിന്റെ പ്രഥമവും സുപ്രധാനവുമായ വേദിയാണ് ക്രൈസ്തവകുടുംബം. ജീവന്റെയും സ്നേഹത്തിന്റെയും കൂട്ടായ്മയാണ് കുടുംബമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. സഭയുടെ ചെറുപതിപ്പാണു കുടുംബമെന്നതിനാൽ സഭയുടെ അടിസ്ഥാനസ്വഭാവം കുടുംബത്തിലുണ്ടാവണം. ആരാധിക്കുകയും അർപ്പിക്കുകയും ചെയ്യുന്ന വിശ്വാസസമൂഹമാണ് കുടുംബം. നമ്മുടെ സഭയിൽ വിശ്വാസപരിശീലനത്തിന്റെ സ്ഥാപനാത്മകരൂപമായ ഇന്നത്തെ സൺഡേ സ്ക്കൂൾ ആരംഭിച്ച ചരിത്രം ഒരു നൂറ്റാണ്ടിന്റേതുമാത്രമാണ്. എന്നാൽ ഇരുപതു നൂറ്റാണ്ടുകൾ വിശ്വാസത്തിന്റെ പരിശീലന കളരി കുടുംബങ്ങളായിരുന്നു എന്നതാണ് യാഥാർത്ഥ്യം. കുടുംബാംഗങ്ങൾ ഒന്നിച്ചുള്ള സന്ധ്യാപ്രാർത്ഥനകളായിരുന്നു വിശ്വാസപരിശീലനത്തിന്റെ കേന്ദ്രം. മാതാപിതാക്കന്മാർക്ക് പ്രാർത്ഥനയ്ക്കുശേഷം സ്തുതിചൊല്ലുന്നതും മുതിർന്നവരെയും ഗുരുക്കന്മാരെയും പിതൃതുല്യം ബഹുമാനിക്കുന്നതും ദൈവകല്പനകളുടെ പരിശീലനാവസരങ്ങളായിരുന്നു.

വീട്ടിലെത്തുന്ന യാചകരെ ആരെയും വെറുംകയ്യോടെ പറഞ്ഞയയ്ക്കാതെ അവർക്കുള്ള സഹായം കുഞ്ഞുങ്ങൾവഴി കൊടുക്കുന്ന മാതാപിതാക്കന്മാർ ഉത്തമ പരസ്നേഹപരിശീലകരായിരുന്നു. പെസഹായോടനുബന്ധിച്ചുള്ള അപ്പംമുറിക്കൽ വിശ്വാസത്തിന്റെ കേന്ദ്രമായ പരിശുദ്ധ കുർബാനയുടെ രഹസ്യവും പീഡാനുഭവരഹസ്യവും തലമുറകൾക്ക് പകരുന്ന അവസരങ്ങളായിരുന്നു.

ഇത്തരത്തിൽ കുടുംബങ്ങൾ സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സഭയുടെയും ഭാവി വിരചിക്കുന്ന ദൈവികപദ്ധതിയാണ്. എന്നാൽ ഇന്ന് ഇതിന്റെ നിലനില്പുതന്നെ അപകടത്തിലാക്കുന്ന പ്രവണതകൾ വളരുന്നതു നാം ഗൗരവത്തോടെ വീക്ഷിച്ച് പരിഹാരമാർഗങ്ങൾ ആരായുന്നതിനു താമസം വരുത്തിക്കൂടാ. നാം ഭാഷ എഴുതാൻ വിദ്യാലയങ്ങളിൽ പഠിക്കുന്നു. എന്നാൽ ഒരുവന്റെ ഭാഷയ്ക്ക് അടിസ്ഥാനമിടുന്നതും സംസാരിക്കാൻ പഠിക്കുന്നതും കുടുംബത്തിലാണ്. അമ്മ എന്ന വാക്ക് എഴുതുന്ന കുട്ടിക്ക് അതിനർത്ഥം വ്യക്തമാക്കുന്നത് കുടുംബബന്ധമാണ്. ആകയാൽ ദൈവികപദ്ധതിയിൽ രൂപംകൊടുത്ത കുടുംബത്തിലെ ഓരോ വ്യക്തിയും ഇതിന്റെ ഉത്തരവാദിത്വം പൂർത്തീകരിക്കുവാൻ യത്നിക്കേണ്ടിയിരിക്കുന്നു.



# ലീലാമ്മച്ചേച്ചിയുടെ ജീവിത സങ്കീർത്തനം

മങ്ങാടൻ

ലീലാമ്മച്ചേച്ചിയുടെ ജീവിത സങ്കീർത്തനം ഇതായിരുന്നു: "കർത്താവാണ് എന്റെ ഇടയൻ. എനിക്കൊന്നിനും കുറവുണ്ടാവുകയില്ല. പച്ചയായ പുൽത്തകിടികളിൽ അവിടുന്ന് എനിക്ക് വിശ്രമമരുളുന്നു. പ്രശാന്തമായ ജലാശയത്തിലേക്ക് അവിടുന്ന് എന്നെ നയിക്കുന്നു. അവിടുന്ന് എനിക്ക് ഉന്മേഷം നല്കുന്നു. മരണത്തിന്റെ നിഴൽ വീണ താഴ്‌വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും അവിടുന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല" (സങ്കീ 23).

നാമവിശേഷണങ്ങളൊന്നുമില്ലാത്ത, മൂന്നു മക്കളും അപ്പനും അമ്മയും വല്യമ്മച്ചിയുമടങ്ങുന്ന ഒരു സാധാരണ കത്തോലിക്കാ കുടുംബം. എന്നാൽ അവരുടെ സവിശേഷത, കർത്താവായിരുന്നു അവരുടെ കാവൽക്കാരൻ എന്നതുമാത്രം. ഈ കുടുംബത്തെ ഞാൻ പരിചയപ്പെടുമ്പോൾ നടുവിന് വേദനയാൽ ജോലി ചെയ്യാനാവാത്ത അവസ്ഥയിൽ കുടുംബനാഥൻ. വാർദ്ധക്യത്തിന്റെ വേദനകളാൽ കൂനിയ വല്യമ്മച്ചി. പറക്ക മുറ്റാത്ത മൂന്നു കുഞ്ഞുങ്ങൾ. അധികം കഴിവോ പ്രാപ്തിയോ ഇല്ലാത്ത കുടുംബ നാഥ. ആസ്തിയായി മൂന്ന് സെന്റ് ഭൂമി തികച്ചില്ല. ഇത്രമാത്രം കുറവുകളുടെ മധ്യേ അവരുടെ നിറവ് അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമായ കർത്താവ് മാത്രമായിരുന്നു.

ഈ സാധാരണ കുടുംബത്തിന്റെ ഉയർച്ചയ്ക്കു പിന്നിലെ ഏറ്റം വലിയ ശക്തി മറ്റു കുടുംബങ്ങളിലൊന്നുംതന്നെ കാണുവാൻ സാധിച്ചിട്ടില്ലാത്ത വ്യത്യസ്ത പ്രാർത്ഥനാശൈലിയായിരുന്നു എന്നു നിസംശയം പറയാം. ഓരോ ദിവസത്തെയും ജീവിതയാത്രയ്ക്കിടയിൽ സ്വരച്ചേർച്ച നഷ്ടപ്പെടുന്ന നിമിഷങ്ങളുണ്ടായാൽ അന്നേ ദിവസം കുടുംബപ്രാർത്ഥനാവേളയിൽ കുടുംബം ഒന്നിക്കുമ്പോൾ ആര് സ്നേഹക്കുറവിന് കാരണക്കാരായോ അത് അപ്പനാവാം അമ്മയാവാം മക്കളാവാം. അപ്പനോ അമ്മയോ ആണെങ്കിൽ അവർ മുട്ടുകുത്തി, മക്കൾ ചൊല്ലിക്കൊടുക്കുന്ന പ്രാർത്ഥന ഏറ്റുചൊല്ലി, ക്ഷമചോദിച്ച് കുടുംബത്തിനു വേണ്ടി പ്രാർത്ഥിക്കുന്ന വ്യത്യസ്ത പ്രാർത്ഥനാശൈലി.... കുടുംബത്തിൽ കർത്താവിന് വില നൽകുന്ന നവീന പ്രാർത്ഥനാ ശൈലി... ഇന്ന് മക്കളും മരുമക്കളുമൊക്കയായപ്പോഴും വാക്കുതർക്കങ്ങളില്ലാതെ ഈ കുടുംബത്തെ സ്നേഹത്തിൽ മുന്നോട്ടുനയിക്കുന്നത് എളിമ നിറഞ്ഞ പ്രാർത്ഥനാരീതിയാണ്.

മൂന്നു മക്കളുടെയും വിദ്യാഭ്യാസം ഒന്നിച്ചായിരുന്നതിനാൽ സാമ്പത്തികമായി ഈ കുടുംബം പര്യാകുലപ്പെട്ട നിമിഷങ്ങളിൽ ശൂന്യമായ കരങ്ങൾ ഉയർത്തി ചേച്ചി പറയും 'എന്റെ കർത്താവ് എനിക്കു തരും... ഇസ്രായേൽ ജനത്തിന് കാടപ്പക്ഷിയും മന്നായും സമൃദ്ധിയായി നൽകിയ എന്റെ ദൈവം കരുത്തനാണ്...' ആ വിശ്വാസം ഒരിക്കലും വ്യർത്ഥമായിപ്പോയിട്ടില്ല എന്നതാണ് സത്യം. ചേച്ചിയുടെ ജീവിതസങ്കീർത്തനം ആവർത്തിക്കുംപോലെ തോന്നി. "കർത്താവ് എന്റെ ഇടയനാകുന്നു, എനിക്ക് ഒന്നിനും കുറവുണ്ടാവുകയില്ല".

സാമ്പത്തിക തകർച്ചയും രോഗവും തളർത്തിയ സാഹചര്യങ്ങളിൽ അന്ധവിശ്വാസങ്ങളും അബദ്ധസിദ്ധാന്തങ്ങളുമായി പലരും കടന്നുവന്നപ്പോഴും "ഞാനും എന്റെ കുടുംബവും എന്റെ കർത്താവിനെ സേവിക്കും" എന്ന് ജോഷ്വായെപ്പോലെ പറയുവാൻ സാധിച്ചത് സത്യദൈവത്തിലുള്ള അന്ധമായ വിശ്വാസത്തിന്റെ പ്രതിഫലനമാണ്.


ജീവിത സഹനങ്ങളുടെ മധ്യേ അതിജീവനത്തിന്റെ പാഠങ്ങളെക്കാൾ ജീവിതത്തിനവധി പറയുന്നവരാണിന്നേറെയും... പരീക്ഷയ്ക്ക് ഇത്തിരി മാർക്കു കുറഞ്ഞാൽ, ജീവിതപങ്കാളി ഒന്നു മനസ്സിലാക്കുന്നതിൽ കുറവു സംഭവിച്ചാൽ, മാറാരോഗം കീഴ്പ്പെടുത്തിയാൽ, ബാധ്യതയേറിയാൽ ഇങ്ങനെ ഒത്തിരിയേറെ വസ്തുതകളാൽ ദൈവദാനമായ ജീവിതത്തെ നിസ്സാരവത്കരിക്കുന്ന കുടുംബങ്ങൾക്ക് ദാവീദിന്റെ നന്ദിപ്രകാശനം ജീവിതവഴികളിൽ പ്രാർത്ഥനയാവട്ടെ... (2 സാമു 7:18-29).

"ദൈവമായ കർത്താവേ, അങ്ങ് എന്നെ ഇത്രത്തോളം ഉയർത്താൻ ഞാനും എന്റെ കുടുംബവും എന്താകുന്നു?... അടിയന്റെ കുടുംബം അങ്ങയുടെ മുമ്പിൽ നിന്ന് ഒരിക്കലും മാറിപ്പോകാതിരിക്കുവാൻ അതിനെ അനുഗ്രഹിക്കാൻ തിരുവുള്ളമാകണമേ! ദൈവമായ കർത്താവേ, അങ്ങു വാഗ്ദനം ചെയ്തിരിക്കുന്നു, അവിടുത്തെ അനുഗ്രഹത്താൽ അടിയന്റെ കുടുംബം എന്നേക്കും അനുഗൃഹീതമാകും".

*ഭൂമിയിൽ സ്വർഗ്ഗം കുടുംബം*
*പാവനമാകും കുടുംബം*
*ത്യാഗത്തിന്നൾത്താരയിൽ ബലിയാകാൻ*
*ഒരുമയോടണയും കുടംബം*
*സർവ്വം ക്ഷമിക്കാൻ പാദം കഴുകാൻ*
*തമ്മിലൊന്നാകാൻ താഴെ നിൽക്കാൻ*
*സാരമില്ലെന്നോതാൻ*
*സാദരം കൈകോർക്കാൻ*
*ഒരുമനമായി നിൽക്കും കുടുംബം*
*പ്രാർത്ഥന തൻ ആണിക്കല്ലുകൾ പാകിയ*
*വാത്സല്യമേറും സദനം കുടുംബം*
*മാതാപിതാക്കളും മക്കളുമൊന്നായി*
*ഈശോയിൽ പണിതുയർത്തും കുടുംബം*

('ഹോളിനെസ്സ്' എന്ന സംഗീത ആൽബത്തിൽനിന്നും)

# കാലമായി... ഫലം പുറപ്പെടുവിക്കാൻ...



**ഫാ. ആന്റണി കാച്ചാംകോട്**
ചങ്ങനാശ്ശേരി

കൈത്താക്കാലം - വിളവെടുപ്പിന്റെ കാലം... വിളവുണ്ടോ എന്ന് ഉടമയും കൃഷിക്കാരനും നോക്കുന്ന കാലം... വിളവു നല്കാത്തതിനെ വെട്ടിക്കളയുന്ന കാലം... വൃക്ഷങ്ങളുടെ ചുവട്ടിൽ കോടാലി വയ്ക്കപ്പെടുന്ന കാലം... വിളവു നല്കാതെ വിളവുണ്ടെന്ന് ഭാവിക്കുന്നതിനെ ഉണക്കിക്കളയുന്ന കാലം... വിളവുകണ്ട് ചെടിയുടെ ഗുണം അറിയുന്ന കാലം... ചെടി തന്റെ ജീവിതത്തിന് അർത്ഥം കണ്ടെത്തുന്ന കാലം... തനിക്കുവേണ്ടി കഷ്ടപ്പെട്ട, തന്നെ ശുശ്രൂഷിച്ച, തന്നെ സ്നേഹിച്ച കൃഷിക്കാരനോട് ചെടി നന്ദി പ്രകടിപ്പിക്കുന്ന കാലം... കൃഷിക്കാരന്റെ മനം കുളിർക്കേണ്ട കാലം...

നട്ട എല്ലാ ചെടികളുടെയും അടുത്തേക്ക് അവൻ വരും, തന്റെ കഷ്ടപ്പാടിന്റെ ഫലങ്ങൾ തേടി... വെറുതെയല്ല... അവന്റെ രക്തം വളമായി നല്കിയിട്ട്...

അവനുവേണ്ട ഫലമെന്താ...? എല്ലാ ചോദ്യങ്ങൾക്കും 'യെസ്' എന്ന ഉത്തരം. ചോദ്യമെന്താ...? 'എനിക്കു വിശന്നു, നിങ്ങൾ ഭക്ഷണം തന്നോ? ദാഹിച്ചു, കുടിക്കാൻ തന്നോ? രോഗിയായി, സന്ദർശിച്ചോ? നഗ്നനായി, ഉടുപ്പിച്ചോ? എന്നിങ്ങനെ (മത്താ 25,35-36).

ചില ചെടികൾ ഇങ്ങനെയാണ്... നട്ടതുപോലെ നില്ക്കും, ഒരു മാറ്റവുമില്ല... ഉടമ പറയും, നിലം പാഴാക്കാനില്ല, വെട്ടിക്കളഞ്ഞേക്ക്... കൃഷിക്കാരന്റെ ദയയിൽ ഒരു വർഷംകൂടെ... കൃഷിക്കാരൻ കഷ്ടപ്പെടാൻ തയ്യാറാണ്; വളമിടാൻ ഉടമയും. ഇനിയെങ്കിലും ഫലം പുറപ്പെടുവിക്കുമോ...? കൃഷിക്കാരനെയും നീ നിരാശനാക്കിയാൽ പിന്നെ...

ചിലതിന് വ്യക്തമായറിയാം കോടാലി വയ്ക്കപ്പെട്ട മരമാണെന്ന്... രോഗം, വാർദ്ധക്യം. ആയിരിക്കുന്നിടത്തുനിന്ന് അറുത്തു മാറ്റപ്പെടുവാൻ പോകുന്നുവെന്ന് വ്യക്തമായറിഞ്ഞില്ലേ...? വീഴുന്നതിനുമുമ്പ് ഒരിക്കലെങ്കിലും ഫലം പുറപ്പെടുവിച്ചുകൂടേ...?

എന്നാൽ ചിലതോ... പുറമെ ഫലം പുറപ്പെടുവിച്ചെന്ന് തോന്നിക്കും. എന്നാൽ അടുത്തു ചെല്ലുന്ന കൃഷിക്കാരനെ നിരാശനാക്കും. ശപിക്കപ്പെട്ട അത്തിമരത്തെപ്പോലെ... വലിയ പ്രവർത്തനങ്ങൾ, പക്ഷേ മറ്റുള്ളവരെ കാണിക്കാൻവേണ്ടി... സംഘടനയിൽ പ്രോഗ്രാം കുത്തിനിറയ്ക്കാൻവേണ്ടി... ഭൗതികസമ്മാനങ്ങൾക്കായി... പക്ഷേ ഇലയേ ഉള്ളൂ, ഫലമില്ല... മനസ്സുകൊടുക്കാത്തതെല്ലാം അവന് വെറുപ്പാണ്... "നിങ്ങളുടെ ബലിയർപ്പണം എനിക്കു വെറുപ്പാണ്. കാരണം നിങ്ങളുടെ ഹൃദയം അകലെയാണ്".

ചിലത് കൂടുതൽ ഫലം തരും. എന്നാൽ വിഷമാണ്... അവൻ വിലപിക്കും... നിന്നെ നട്ടല്ലോ എന്നോർത്ത്... "ഞാൻ നല്ല മുന്തിരിയല്ലേ നട്ടത്? പിന്നെ എങ്ങനെ കാട്ടുമുന്തിരിയുണ്ടായി...?" ചില സമ്പർക്കംകൊണ്ട്... അനുകരണംകൊണ്ട്... ഫലം കൂട്ടിക്കാണിക്കാനുള്ള കുരുട്ടുബുദ്ധികൊണ്ട്... ലാഭം കൂടുതൽ നേടാനുള്ള അതിമോഹംകൊണ്ട്... മുന്തിരിക്കുല വിഷത്തിൽ മുക്കുമ്പോൾ, ഫലം കൂടുതലുണ്ടെങ്കിലും, വിഷമാകുന്ന പോലെ - അവൻ പ്രതീക്ഷിക്കുന്നത് എണ്ണമല്ല (Quantity), ഗുണമാണ് (Quality)...

ചെയ്തുകൂട്ടിയിട്ട് നിരാശനാകരുത്... അവനെ നിരാശനാക്കരുത്... അനുകരണമല്ല അനുഗുണമാണ് അവനു വേണ്ടത്... തെങ്ങിൽനിന്ന് ചക്കയോ, പ്ലാവിൽനിന്ന് മാങ്ങയോ അവൻ പ്രതീക്ഷിക്കുന്നില്ല... അതിനുള്ളത് അവൻ വേറെ നട്ടിട്ടുണ്ട്...

ചെടിക്ക് തന്നെ നട്ടുവളർത്തിയവനോട് നന്ദി പറയാനാവുമോ...? സ്നേഹം പ്രകടിപ്പിക്കാൻ പറ്റുമോ...? ഒരേയൊരു വഴി... അവൻ ആഗ്രഹിക്കുന്നതുപോലെ ഫലം പുറപ്പെടുവിക്കുക... അവന് അനുഭവിക്കാനാവും, നിന്റെ സ്നേഹം... നിനക്ക് അനുഭവിക്കാനാവും, ജീവിതത്തിന്റെ അർത്ഥം...

നിന്റെ സാഹചര്യത്തിലേക്ക് അവൻ വരും... ഫലം പുറപ്പെടുവിക്കാനുള്ള അവസരങ്ങളുമായി... ചിലപ്പോൾ രോഗിയായി... വിശക്കുന്നവനായി... നഗ്നനായി... കിടപ്പാടമില്ലാത്തവനായി... അങ്ങനെ പലതരത്തിൽ. കണ്ണു തുറക്കണം... കാണണം... മനസ്സു കൊടുക്കണം... ഫലം പുറപ്പെടുവിക്കണം... ഇതാ കാലമായി... ഫലം കൊടുത്ത് നന്ദി കാണിക്കാൻ... നിന്റെ സ്നേഹം പ്രകടിപ്പിക്കാൻ...

### കൈത്താക്കാലം

"കൈത്താ" എന്ന സുറിയാനിവാക്കിന്റെ അർത്ഥം വേനൽ എന്നാണ്. വേനൽക്കാലത്താണല്ലോ സസ്യവൃക്ഷാദികൾ ഫലം നല്കുന്നത്. ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളായ സഭാപിതാക്കന്മാരുടെയും മറ്റു രക്തസാക്ഷികളുടെയും പ്രേഷിതപ്രവർത്തനവും മിശിഹാസാക്ഷ്യവും വഴിയായി ലോകത്തിന്റെ നാനാഭാഗങ്ങളിലേക്ക് സഭ പടർന്ന് വ്യാപിക്കുകയും പന്തലിച്ചു വളർന്ന് യഥാർത്ഥ ഫലങ്ങളായ അനേകം വിശ്വാസികളെ ലോകത്തിനു പ്രദാനം ചെയ്യുകയും ചെയ്തു. സഭയിലുണ്ടായ ഈ വളർച്ചയുടെ രഹസ്യത്തെ പ്രത്യേകമായി ഈ കാലഘട്ടത്തിൽ അനുസ്മരിക്കുന്നതുകൊണ്ടാണ് ഇതിനെ കൈത്താക്കാലം (ഫലാഗമകാലം) എന്നു വിളിക്കുന്നത്.



# പുളിമരം പഠിപ്പിച്ച പാഠം

**ജിക്കു**

നിറയെ ഫലം ചൂടി നില്ക്കുന്ന വേളയിലായിരുന്നു ആ പുളിമരത്തിന്റെ വീഴ്ച. എല്ലാവർഷവും നിറയെ കാഴ്ചകൾ നല്കിയിരുന്ന ആ മരം കടപുഴകിയത് ഒരു വർഷകാലത്താണ്. വളർന്നു പന്തലിച്ചു നിന്ന ആ വൃക്ഷത്തിന്റെ വീഴ്ച എന്നെ അത്ഭുതപ്പെടുത്തി. അടുത്തുചെന്ന് പരിശോധിച്ചപ്പോൾ കണ്ട കാഴ്ച വേദനിപ്പിക്കുന്നതായിരുന്നു. അനേക വർഷങ്ങളായി കൃമികീടങ്ങൾ അതിന്റെ കാമ്പിനെ ആക്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു എന്ന സത്യം എനിക്കു വിശ്വസിക്കേണ്ടതായി വന്നു.

ആ പുളിമരത്തിന്റെ ദാരുണ പതനം എന്നെ രണ്ടുതരത്തിൽ ചിന്തിപ്പിച്ചു. ഒന്നാമതായി, തന്റെ തായ്‌വേരിനെ ചിതലും കീടങ്ങളും ആക്രമിച്ചുകൊണ്ടിരിക്കുന്നുവെന്നറിഞ്ഞപ്പോഴും, തന്റെ ഉൾക്കാമ്പ് മുഴുവനും അവ തിന്നുതീർക്കുന്ന വേദന അനുഭവിക്കുമ്പോഴും താൻ പുറപ്പെടുവിക്കേണ്ട ഫലത്തിൽ ഒരു കുറവും വരുത്താതെ എല്ലാ വർഷവും നിറയെ ഫലം നൽകി അത് മറ്റുള്ളവരെ സന്തോഷിപ്പിച്ചു. മറ്റാരും അറിയാതെ സഹിക്കുമ്പോഴും തന്റെ തണലിനാൽ തന്നെ സമീപിക്കുന്നവർക്ക് അത് ആശ്വാസമേകി. ആ പുളിമരത്തെ നോക്കിയ ആരും അതിന്റെ ഉൾവേദന അറിഞ്ഞിരുന്നില്ല. പരിശുദ്ധാത്മാവിന്റെ ദാനഫലങ്ങൾ സ്വീകരിച്ച് ഫലംചൂടി നില്ക്കുന്ന സഭയെ ധ്യാനിക്കുന്ന ഈ കൈത്താക്കാലത്തിൽ അവൾ കൃപയുടെ ഫലങ്ങൾ പുറപ്പെടുവിക്കുന്നതും വലിയ സഹന നിമിഷങ്ങളിലൂടെയാണ് കടന്നുപോകുന്നത് എന്നതും നമുക്കു മറക്കാനാവില്ല. രക്തസാക്ഷികളുടെ ചുടുനിണത്താലാണവൾ വളർന്നത്. അകത്തുനിന്നും പുറത്തുനിന്നും ഉണ്ടായ സഹനങ്ങളും പീഡനങ്ങളും അവളുടെ വളർച്ചയ്ക്ക് കരുത്തേകി. സഭാതനയരായ നമ്മുടെ വേദനകളും ബുദ്ധിമുട്ടുകളും നമ്മെ തളർത്തേണ്ടവയല്ലെന്നും അതിലൂടെ ദൈവത്തിന്റെ സ്നേഹവും കൃപയും മറ്റുള്ളവർക്കും ലഭിക്കുകയാണെന്നുമുള്ള ഓർമ്മ നമ്മെ ഉത്തേജിപ്പിക്കണം. ഒരു വേളയിൽ കണ്ടുമുട്ടിയ തളർന്നുകിടക്കുന്ന റോസ് എന്ന പെൺകുട്ടിയാണ് ഇത്തരുണത്തിൽ എന്റെ മനസ്സിലേക്കു വരുന്നത്. ആ കിടപ്പിൽ അവൾ അനുഭവിക്കുന്ന ശാരീരികവും മാനസികവും ആദ്ധ്യാത്മികവുമായ സഹനങ്ങളുടെ ആധിക്യം എന്നെ അത്ഭുതപ്പെടുത്തി. തന്റെ ജീവിതം അധികംനാൾ നീളില്ല എന്ന സത്യം അറിയുമ്പോഴും അവളെ സമീപിക്കുന്നവർക്ക് അവൾ നല്കിയ സന്തോഷവും പ്രതീക്ഷയും അളവറ്റതായിരുന്നു. വലിയ ദൈവശാസ്ത്രജ്ഞരെപ്പോലെയായിരുന്നു അവളുടെ സംസാരം. അവളുടെ സമീപത്തു നിന്നു പോകുന്നവരെല്ലാം വലിയ ദൈവസ്നേഹവും ആത്മീയ ഉണർവും നേടിയിരുന്നു. ഇതുപോലെ സഭയുടെ മക്കളായ നമുക്കും നമ്മുടെ അനുദിന ജീവിതസാഹചര്യങ്ങളിലൂടെ നല്ല ഫലങ്ങൾ പുറപ്പെടുവിക്കാൻ സാധിക്കണം.

പുളിമരത്തിന്റെ വീഴ്ച എനിക്കു തന്ന രണ്ടാമത്തെ ചിന്ത മനുഷ്യജീവിതത്തിന്റെ കപടതയെക്കുറിച്ചാണ്. പൊയ്മുഖം വച്ചുകൊണ്ട് മറ്റുള്ളവരെ കബളിപ്പിക്കാൻ എളുപ്പമാണ്. എന്നാൽ സത്യം ഒരിക്കലും മറഞ്ഞിരിക്കില്ല. ഉള്ളിൽ ഒന്നു ചിന്തിക്കുകയും പുറമേ മറ്റൊന്നു കാണിക്കുകയും ചെയ്യുന്നവരെക്കുറിച്ച് ഈശോ തന്നെയും ശബ്ദമുയർത്തുന്നതായി നാം സുവിശേഷങ്ങളിൽ കാണുന്നു. നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തിലും ഈ 'മുഖം മൂടിയുടെ ആദ്ധ്യാത്മികത' കടന്നുവരാം. നിറയെ ഫലങ്ങൾ ചൂടിനില്ക്കുന്ന ജീവിതമെന്ന തോന്നലിൽ, ഉള്ളിൽ കാമ്പില്ലാതെ തായ്‌വേരിനെ അഹങ്കാരവും ദുഷ്ചിന്തകളുമാകുന്ന കൃമികളാൽ ആക്രമിക്കപ്പെടാൻ വിട്ടുകൊടുത്താൽ മണലിൽ പണിത ഭവനംപോലെ തകർന്നു വീഴും എന്നുറപ്പാണ്. ഈ കൈത്താക്കാലം നമ്മുടെ ജീവിതങ്ങളിലേക്ക് ആഴ്ന്നിറങ്ങി നമ്മുടെ ജീവിതത്തിന്റെ യഥാർത്ഥ മുഖം നോക്കിക്കാണാനുള്ള ഒരു ക്ഷണം കൂടി നമുക്കു നല്കുന്നുണ്ട്. ഒരുപക്ഷേ അത് നമ്മെ ഭയപ്പെടുത്തിയേക്കാം. സത്യത്തിന്റെ മുമ്പിൽ നാം എളിമപ്പെടേണ്ടിവന്നേക്കാം. എന്നാലും യഥാർത്ഥ സത്യമായ ഈശോയിൽ നമ്മുടെ ജീവിതങ്ങളെ ഉറപ്പിക്കാൻ യഥാർത്ഥമായ ഫലം പുറപ്പെടുവിക്കുന്നവരായി തീരാൻ, കൃപകളാൽ നിറഞ്ഞ ഉള്ളിന്റെ പ്രതിഫലനങ്ങളായി നമ്മുടെ ജീവിതം മാറുവാൻ ഈ കൈത്താക്കാലം നമ്മെ സഹായിക്കട്ടെ.

### കൈത്താക്കാലം

*രക്തസാക്ഷികളുടെ ചുടനിണത്താൽ പരിപോഷിപ്പിക്കപ്പെട്ടു വളർന്ന സഭ, തീയിൽ കുരുത്തതാണ്. അത് വെയിലത്ത് വാടുകയില്ലെന്ന് ഇന്നുവരെയുള്ള ചരിത്രം തെളിയിക്കുന്നു. സഭയുടെ തുടർന്നുള്ള വളർച്ച നമ്മിലോരോരുത്തരിലുമാണ് അധിഷ്ഠിതമായിരിക്കുന്നത്. നാം വിശ്വാസത്തിലും വിശുദ്ധിയിലും വളരുമ്പോൾ സഭ വളരുന്നു. അതിന് ശ്ലീഹന്മാരുടെ ത്യാഗമനോഭാവവും രക്തസാക്ഷികളുടെ ധീരതയും നാം കൈവരിക്കേണ്ടിയിരിക്കുന്നു.*



പ്രതീക്ഷയുടെ പൂമൊട്ടുകൾ

# എന്റെ ദൈവം നല്ല ദൈവം

മുല്ലപ്പൂവേ ഇത്തിരി പൂവേ
ഈ നറുമണം നൽകിയതാരാണ്?
പനിനീർ പൂവേ പനിമലരേ നിന്നിൽ
നിറങ്ങൾ ചാർത്തിയതാരാണ്?
പുള്ളിക്കുയിലേ പൂങ്കുയിലേ
നിനക്കീ മധുരനാദം നന്നതാരാണ്?
ഉണ്ണിക്കുട്ടാ ചക്കരമുത്തേ
നിനക്കായ് മാതാപിതാക്കളെ നൽകിയതാരാണ്?
എന്റെ ദൈവം നല്ല ദൈവം
എനിക്കായ് എല്ലാം സൃഷ്ടിച്ചു.

**Stemy Stephan**
Mangalathukunnel
Kulamavu





ഈ പക്ഷിക്കൂട്ടുകാർ പറന്നുകളിക്കുകയായിരുന്നു. അപ്പോൾ അതിലൊരു പക്ഷിക്ക് ഒരു ചുരുൾ കിട്ടി. അവൾ അത് കൊത്തിയെടുത്തപ്പോൾ അതിൽ ഉത്തരം നഷ്ടപ്പെട്ട ചോദ്യങ്ങളാണെന്നത് അവയുടെ ശ്രദ്ധയിൽപ്പെട്ടു. നടപടി പുസ്തകം 1 മുതൽ 12 വരെയുള്ള അദ്ധ്യായങ്ങൾ വായിച്ച് ഉത്തരം കണ്ടെത്തൻ അവരെ സഹായിക്കാമോ?

1. 12 ശ്ലീഹന്മാരുടെ കൂടെ എണ്ണപ്പെട്ട വ്യക്തിയാണ് മത്തിയാസ്. ഇദ്ദേഹത്തോടൊപ്പം നിർദ്ദേശിക്കപ്പെട്ട മറ്റേ വ്യക്തിയാര്?
2. ശിഷ്യന്മാർ ആദ്യമായി ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെട്ടത് എവിടെ വച്ച്?
3. എത്യോപ്യാ രാജ്ഞിയായ കാൻദാക്കെയുടെ ഭണ്ഡാര വിചാരിപ്പുകാരന് ജ്ഞാനസ്നാനം നൽകിയ ശിഷ്യനാര്?
4. ബാർണബാസ് എന്ന വാക്കിന്റെ അർത്ഥം?
5. സഭയിലെ ആദ്യ രക്തസാക്ഷി?
6. ഏതു തെരുവിൽ സാവൂളിനെ അന്വേഷിക്കാനാണ് അനനിയാസിന് ദർശനം കിട്ടിയത്?
7. തബിത്താ എന്ന പേരിന്റെ അർത്ഥം?

**(തയ്യാറാക്കിയത്: ജിനു നിരപ്പേൽ)**

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ആദ്യം ലഭിക്കുന്ന 5 ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - ഓഗസ്റ്റ് 15).
**അയയ്ക്കേണ്ട വിലാസം:**പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018



# Say Thank You

Angela Thomas

The sun shines brightly in the cloudless sky
As you walk through life's long way.
There's a smile on your face,
A spring in your step.

The whole world's under your feet
Your head in the clouds
Oh you couldn't be more proud!
It's all cause of me, you say

I have it all…ever MORE, may I add?
There's nothing that isn't mine
Why then, do tell, should I not be proud?

Halt a while! You giddy traveller
Get your head down from the clouds
Take a look….and see the world….
Do you still believe you should be proud!

You say you did it all…
Then tell me dear wanderer
When did you teach the birds to fly?
Did you give the cheetah his spots
And the kingfisher his colours?

Or did you, by any chance, teach
the peacock to dance?
Oh my foolish wanderer!
Do tell me please,

When you build the stars, that light up the night?
Did you build the land you claim as yours?
Or did you pour water in the Nile?

Think! You innocent child,
If your breath was taken away,
If to its home, your soul was called, today
What in your jhola would you take?
Gold, silver, rice and barley?
For what it's worth,
Even your jhola you couldn't take

See the light! You foolish soul
There is someone there
Someone who moulded you
And created all these just for you
And when this someone,
You Do meet,

Remember, bow your head down
To the ground, be HUMBLE,
And Say THANK you!





# ഭ്രാന്തനും നമ്മളും

ഫാ. ഷിബു പുളിക്കൽ
കല്യാൺ രൂപത

പൂനയിലെ ദാപ്പോടി റെയിൽവേ സ്റ്റേഷനിൽ ലോക്കൽ ട്രെയിൻ കാത്തുനില്ക്കുകയാണ്. ട്രെയിൻ വൈകുന്നതിൽ എല്ലാവരും അക്ഷമരാണ്. പലരും വാച്ചിൽ പല പ്രാവശ്യം നോക്കുകയും പ്ലാറ്റ്ഫോമിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയും ചെയ്യുന്നുണ്ട്. മറ്റുചിലർ പ്ലാറ്റ്ഫോമിന്റെ അരികിൽ ചെന്നുനിന്ന് ട്രെയിൻ വരുന്ന ദിശയിലേക്ക് ഇടയ്ക്കിടയ്ക്ക് നോക്കുന്നുണ്ട്. നമ്മൾ അങ്ങനെ നോക്കുന്നതുകൊണ്ട് ട്രെയിൻ വരികയില്ലല്ലോ!

യാത്രയാക്കാൻ വന്ന തോമസ്സാറുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ട്രെയിൻ വരുന്നുവെന്ന അറിയിപ്പുവന്നു. ട്രെയിൻ പ്ലാറ്റ്ഫോമിലേക്കു കയറിയതും എവിടെനിന്നോ ഒരു മനുഷ്യൻ അങ്ങോട്ട് ഓടിവന്നു. കയ്യിലുണ്ടായിരുന്ന വിസിൽ ഉച്ചത്തിൽ മുഴക്കിയാണ് ഓടിവന്നത്. നിർത്തിയ ട്രെയിനിൽ ഉടനെ ചാടിക്കയറുകയും ചെയ്തു. കീറിയതും മുഷിഞ്ഞതുമായ വസ്ത്രവും ചീകിയൊതുക്കാത്ത മുടിയും കണ്ടാൽ ആളൊരു ഭ്രാന്തനാണെന്നു മനസ്സിലാകും. ട്രെയിനിൽ ചാടിക്കയറിയ ആ മനുഷ്യൻ ആർത്തുചിരിക്കുന്നുണ്ടായിരുന്നു. അയാൾ വീണ്ടും വിസിൽ അടിച്ചു. ഉടനെ ട്രെയിൻ നീങ്ങിത്തുടങ്ങി (സാധാരണ ലോക്കൽ ട്രെയിൻ സെക്കന്റുകൾ മാത്രമേ സ്റ്റേഷനിൽ നിർത്താറുള്ളു). അപ്പോഴും അയാൾ ചിരിക്കുന്നുണ്ടായിരുന്നു.

അയാൾ ചിരിച്ചതിന്റെ കാരണം അടുത്ത സ്റ്റേഷനിൽ എത്താറായപ്പോൾ മനസ്സിലായി. ട്രെയിൻ ഓരോ സ്റ്റേഷനിൽ എത്തുമ്പോഴും ഇയാൾ വിസിൽ മുഴക്കും. ട്രെയിൻ വിടേണ്ട സമയത്ത് വീണ്ടും വിസിൽ! ഭ്രാന്തൻ ചിന്തിക്കുന്നത് അയാൾ വിസിലടിക്കുന്നതുകൊണ്ടാണ് ട്രെയിൻ നില്ക്കുന്നതെന്നും പുറപ്പെടുന്നതുമെന്നുമാണ്. അങ്ങകലെ എവിടെയോ ഇരുന്ന് സിഗ്നൽ നിയന്ത്രിക്കുന്ന ഒരാൾ ഇതിന്റെ പുറകിലുണ്ടെന്ന് മനസ്സിലാക്കാനുള്ള കഴിവ് അയാൾക്കില്ല.

എന്തിനു ഭ്രാന്തനെ പരിഹസിക്കണം! അയാളും നാമും തമ്മിൽ എന്തു വ്യത്യാസം? സ്വന്തം കഴിവുകൊണ്ടാണ് എല്ലാം നടക്കുന്നതെന്ന് ഒരാൾ ചിന്തിച്ചാൽ, ഭ്രാന്തനും അയാളും തമ്മിൽ വലിയ അന്തരമില്ല. വൃക്ഷം വേരിനെ താങ്ങുകയല്ല, വേര് വൃക്ഷത്തെ താങ്ങുകയാണെന്ന ചിന്ത വേണം. സമൃദ്ധിയുടെ പുറകിലെ ഈശ്വരസാന്നിദ്ധ്യം അവഗണിക്കരുത്. ഗർവും പൊങ്ങച്ചവും ഒരുവനെ വലിയവനാക്കില്ല. മനുഷ്യരുടെ അഹങ്കാരംകണ്ട് ദൈവം ചിരിക്കുന്ന അവസരങ്ങളുണ്ടാകും... രോഗിയോട് ഡോക്ടർ പറയും, 'ഏയ് ഒന്നും പേടിക്കാനില്ല. വെറും മൂന്നു ദിവസത്തെ മരുന്നുകൊണ്ട് മാറ്റിത്തരാം'. പിറ്റേന്ന് നേരം വെളുക്കുന്നതിനുമുമ്പ് രോഗി മരിക്കുന്നു! മനുഷ്യൻ വസ്തുവാങ്ങി അളന്നുതിരിച്ച് സ്വന്തമാക്കിയെന്നു പറയുമ്പോൾ, ഒരുപക്ഷേ ഒരു സ്വരം കേൾക്കാം, 'ഇന്ന് നിന്റെ ആത്മാവിനെ എടുത്താൽ ഇതെല്ലാം ആരുടേതാകും'?

'ദൈവമേ' എന്ന ചിന്തയിൽ ജീവിതത്തിന്റെ നിയന്ത്രണം ദൈവത്തിനു വിട്ടുകൊടുക്കാം.

# ദീപമായ് നിൻ പ്രഭയേകാൻ

**അനിത ആത്രശ്ശേരിയിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്


എന്നെ മെനഞ്ഞുയിരേകിയ ദൈവമേ
എന്നിൽ ചൊരിയുന്നു നിൻ ദാനങ്ങൾ
ഭൂമിതൻ ഉപ്പായി രുചി പകർന്നീടുവാൻ
ദീപമായ് നിൻ പ്രഭയേകീടുവാൻ


പ്രപഞ്ചസൃഷ്ടിക്കുമുമ്പെന്നെ കരുതിനിൻ
പ്രാണൻ പകുത്തേകി സ്നേഹമൊന്നാൽ
ആദ്യമായെന്നെ നീ സ്നേഹിച്ചതുവഴി
സ്നേഹിക്കപ്പെടുവാൻ ഞാൻ യോഗ്യയായി.

നിൻ കൃപയ്ക്കൊത്തപോൽ സോദരസ്നേഹ-
മെൻ ജീവിതമാക്കുവാനാശിക്കുന്നു
ലോകമാം കടലിനുമീതേ ചരിക്കുവാൻ
ലോകൈക നാഥാ തുണയേകണേ.

വിശ്വാസനൗകയിൽ പ്രാർത്ഥന തുഴയായി
തീർത്തുചരിച്ചിടാം നീ കൂടെയുണ്ടെങ്കിൽ
അലയാഴിതന്നിലും ആലയം നീയല്ലോ
അഭയംഗമിപ്പൂ ഞാനാശയോടെ

എൻ ജീവിതത്തിൻ മൂല്യമറിഞ്ഞുനിൻ
നന്മപകരുന്ന കരമാകുവാൻ
എന്നിൽപകരണേ നിന്നാത്മനെ സദാ
എന്നും ഞാൻ നിന്നിൽ ലയിച്ചിടട്ടെ.





**നിന്നെയും വിളിക്കുന്നു.....**

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ**
**ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., Kottayam - 686 018, Ph: 0481-2578192**







# പ്രകാശദീപം

**റ്റെസ്സി കറുകപ്പറമ്പിൽ**
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

മിന്നാമിനുങ്ങെന്ന കുഞ്ഞു ജീവിയെ ഇഷ്ടപ്പെടാത്തവർ ആരുണ്ട്? കൊച്ചു കുട്ടികൾ മുതൽ വലിയവർ വരെ ഈ മിന്നാമിനുങ്ങിന്റെ വെട്ടം കണ്ട് അദ്ഭുതപ്പെടുകയും സ്നേഹത്തോടെ നോക്കി നിന്ന് ആസ്വദിക്കുകയും ചെയ്യാറുണ്ട്. അനേകം മിന്നാമിനുങ്ങുകൾ ഇരുട്ടിൽ ഒന്നിച്ച് നിന്ന് പ്രകാശിച്ചാൽ വലിയ ദീപാലങ്കാരത്തെക്കാൾ ശോഭയാണുണ്ടാവുക. ഒരു ചെറുജീവിയുടെ ജീവിതം കൊണ്ട് ഇത്രമേൽ സന്തോഷവും പ്രകാശവും ഉളവാക്കാൻ സാധിക്കുമെങ്കിൽ ദൈവത്തിന്റെ ശ്രേഷ്ഠ സൃഷ്ടികളായ നമുക്ക് നമ്മുടെ ജീവിതം കൊണ്ട് ഇതിലേറെ പ്രകാശം പരത്താൻ കഴിയേണ്ടതല്ലേ?

ഖലീൽ ജിബ്രാന്റെ ഒരു കഥയുണ്ട്: "ഒരു ദിവസം 'സൗന്ദര്യവും' 'വൈരൂപ്യവും' കടൽത്തീരത്ത് കണ്ടുമുട്ടി. അവർ പരസ്പരം പറഞ്ഞു,നമുക്ക് ഈ കടലിൽ കുളിക്കാം. ഉടയാടകൾ കരയ്ക്ക് വച്ച് അവർ ജലത്തിലിറങ്ങി നീന്തി കുളിച്ചു. അല്പസമയം കഴിഞ്ഞ് 'വൈരൂപ്യം' തിരികെ തീരത്തണഞ്ഞു. സൗന്ദര്യത്തിന്റെ ഉടയാടകളുമണിഞ്ഞ് അവൻ അവന്റെ വഴിക്ക് നടന്നുപോയി. 'സൗന്ദര്യം' തീരത്തണഞ്ഞപ്പോൾ സ്വന്തം ഉടയാടകൾ നഷ്ടപ്പെട്ടിരിക്കുന്നതായറിഞ്ഞു. നഗ്നതയിൽ നാണം തോന്നിയ അവൾ വൈരൂപ്യത്തിന്റെ വസ്ത്രങ്ങൾ ധരിച്ച് അവളുടെ വഴിക്കും നടന്നുപോയി". ഇന്നും പുരുഷന്മാരും സ്ത്രീകളും സൗന്ദര്യത്തെയും വൈരൂപ്യത്തെയും തമ്മിൽ തെറ്റിദ്ധരിക്കുന്നു. എന്നാൽ സൗന്ദര്യത്തിന്റെ മുഖം ദർശിച്ചിട്ടുള്ളവരുണ്ട്. ഉടയാടകളുടെ വ്യത്യാസം തടസ്സമാകാതെ അവർക്ക് അവളെ തിരിച്ചറിയുവാൻ കഴിയും. വൈരൂപ്യത്തിന്റെ മുഖം ദർശിച്ചിട്ടുള്ളവരുമുണ്ട്. അവരുടെ കണ്ണിൽ നിന്നും അവനെ വസ്ത്രങ്ങൾ മറച്ചു പിടിക്കുന്നുമില്ല.

യഥാർത്ഥ വെട്ടം ലഭിച്ചവർ സൗന്ദര്യത്തിന്റെയും വൈരൂപ്യത്തിന്റെയും മുഖം തിരിച്ചറിയാൻ പ്രാപ്തരാണ്. ഇങ്ങനെയുള്ളവർക്കാണ് കടുത്ത അന്ധകാരത്തിന്റെ നടുവിലും മിന്നാമിനുങ്ങിനെപ്പോലെ പ്രകാശം ചൊരിയാൻ കഴിയുക.

സത്യത്തിൽ എന്താണീ വെളിച്ചം? ആരാണീ പ്രകാശം? അത് മറ്റാരുമല്ല 'ഈശോമിശിഹാ'തന്നെ. അതുകൊണ്ടാണല്ലോ അവിടുന്ന് പറയുക "എന്നിൽ വിശ്വസിക്കുന്നവരാരും അന്ധകാരത്തിൽ വസിക്കാതിരിക്കേണ്ടതിന് ഞാൻ വെളിച്ചമായി ലോകത്തിലേക്കു വന്നിരിക്കുന്നു" (യോഹ 12:46) എന്ന്. അന്ധകാരത്തിൽ പ്രകാശം നൽകാൻ കഴിയുന്ന മിന്നാമിനുങ്ങിനും ഒരു പരിധിയും പരിമിതിയുമുണ്ട്, തന്റെ വെളിച്ചം പ്രസരിപ്പിക്കുവാനും എല്ലാവരിലും എത്തിക്കുവാനും. എന്നാൽ ഏത് അന്ധകാരത്തിലും വീണുപോയവർക്ക് വെളിച്ചമേകാൻ മിശിഹായ്ക്കു കഴിയും. അതാണ് അവന്റെ പ്രത്യേകത. അത് ബന്ധനത്തിൽ അകപ്പെട്ടവർക്ക് മോചനത്തിന്റെ വെളിച്ചമായും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യത്തിന്റെ വെളിച്ചമായും അന്ധരായവർക്ക് കാഴ്ചയുടെ വെളിച്ചമായും ഇന്നും എപ്പോഴും പ്രകാശം ചൊരിഞ്ഞുകൊണ്ടിരിക്കുന്നു.

എന്നിട്ടുമെന്തേ മനുഷ്യൻ ഈ വെളിച്ചത്തെ സ്വീകരിക്കാൻ മടിക്കുന്നു? അതിനു മുമ്പിലേക്ക് വരാൻ ഭയപ്പെടുന്നു? കാരണം മറ്റൊന്നുമല്ല, ഈ വെളിച്ചത്തിൽ തങ്ങളുടെ തിന്മപ്രവൃത്തികൾ വെളിവാകും എന്ന ഭയം തന്നെ. അങ്ങനെ പിശാചിന്റെ അടിമത്തത്തിന് തങ്ങളെത്തന്നെ വിട്ടുകൊടുത്ത് അന്ധകാരത്തിൽ നാമിന്നും തപ്പിത്തടയുന്നു.

മെഴുകുതിരി സ്വയം എരിഞ്ഞ് മറ്റുള്ളവരെ പ്രകാശിപ്പിക്കുന്നു. ഈഡിത്ത് വാർട്ടൺ പറയുന്നത് പ്രകാശം പരത്താൻ രണ്ടു മാർഗ്ഗങ്ങളാണുള്ളത് എന്നാണ്. ഒന്നുകിൽ മെഴുകുതിരിയായി കത്തിജ്വലിക്കുക. സത്യമാകുന്ന പ്രകാശം ലോകത്തിനു പ്രതിബിംബിപ്പിക്കുന്ന കണ്ണാടിയാകണം നമ്മുടെ മനസ്സ്. മറ്റ് എന്തുവസ്തുക്കളും പകുത്തു കൊടുക്കുമ്പോൾ ദാതാവ് ദരിദ്രനാകുന്നു. എന്നാൽ പ്രകാശം അങ്ങനെയല്ല. ഒരു വിളക്കിൽ നിന്ന് മറ്റൊരു വിളക്കിലേക്ക് പ്രകാശം പകർത്തിയാലും ആദ്യത്തെ വിളക്കിന്റെ പ്രഭയ്ക്ക് ലോപം ഉണ്ടാകുന്നില്ല. അറിവ്, നന്മ എന്നിവയൊക്കെ വെളിച്ചം പോലെയാണ്. മറ്റുള്ളവർക്ക് പ്രദാനം ചെയ്യുന്നതുകൊണ്ട് നമുക്ക് കുറവുണ്ടാകുന്നില്ല. അതേസമയം ദാനം കൊണ്ട് നമ്മുടെ മനസ്സ് ഉർവരമായിത്തീരുന്നു.

"എല്ലാ ഉദയങ്ങളും പ്രഭോജ്വലമാക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നില്ല. എല്ലാവഴികളിലും എല്ലായ്പോഴും വെളിച്ചം വേണമെന്നും. പക്ഷേ പടർന്നു കയറുന്ന കാർമേഘങ്ങൾക്കിടയിലും എന്റെ വിശ്വാസം എന്റെ ദിനങ്ങൾ പ്രഭാപൂരിതമാക്കട്ടെ" എന്ന ബെസ്റ്റി ബട്ട്ലറുടെ വാക്കുകൾ നമുക്കോർക്കാം. എല്ലായ്പോഴും കത്തിജ്വലിച്ച് പ്രകാശം പകരാനായില്ലെങ്കിലും ഈശോയിലുള്ള വിശ്വാസം നമ്മുടെ ഉള്ളിലുണ്ടെങ്കിൽ നമുക്ക് നന്മയിൽ മുന്നേറാനാകും. പ്രവർത്തനങ്ങളിലൂടെയും വാക്കുകളിലൂടെയും ആ പ്രകാശം ചുറ്റുപാടും പ്രസരിപ്പിക്കുവാൻ നമുക്കാകും.

**ഭാരതത്തിന്റെ പ്രഥമവിശുദ്ധ**



**തിരുനാൾ ജൂലൈ 28**
**വി. അൽഫോൻസാമ്മേ**
**ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ**








# നിങ്ങൾ കടംകൊടുക്കുമോ?

**എം.സി. ഇൽഡെഫോൺസ്**
**സോഷ്യൽ ആനിമേറ്റർ**

പലിശരഹിത വായ്പ നൽകുവാൻ ഇന്ന് ആരാണു തയ്യാറാവുക? എല്ലാ ബാങ്കുകാരും പലിശ വാങ്ങുന്നു. പണം അത്യാവശ്യത്തിനു കടംകൊടുന്ന ചില വ്യക്തികളും സ്ഥാപനങ്ങളും കൊള്ളപ്പലിശ വാങ്ങുന്നില്ലേ?

എന്നാൽ ഇതിനൊക്കെ വ്യത്യസ്തമായി പലിശരഹിത വായ്പ നൽകുന്നവരുണ്ട്. അവർ വായ്പ നൽകുന്നത് ആർക്കാണെന്നറിയാമോ? രോഗാവസ്ഥയിൽ തളർന്നുവീഴുന്നവർ, ആഹാരമില്ലാതെ വാടിത്തളർന്നവർ, തല ചായ്ക്കാൻ ഇടമില്ലാതെ താഴെ ഭൂമിയും മുകളിൽ ആകാശവും കണ്ടു വഴിയരുകിലോ കടത്തിണ്ണകളിലോ അന്തിയുറങ്ങുന്നവർ, മാനം മറയ്ക്കാൻ വസ്ത്രമില്ലാതെ അലയുന്നവർ, ഭിക്ഷാപാത്രവുമായി രോഗാവസ്ഥയിൽ വഴിയിലും ഭവനങ്ങളിലും വന്നു പാത്രം നീട്ടുന്നവർ, അങ്ങനെ ഏതെല്ലാം രീതിയിലാണ് ഇന്നു ലോകത്തു ദാരിദ്ര്യവും ദുഃഖവും പങ്കിടുന്നത്? ഇവരിൽ പലരും ചിലപ്പോഴല്ല, പലപ്പോഴും നമ്മുടെ മുൻപിലും വന്നുപെട്ടിട്ടില്ലേ? അപ്പോൾ നമ്മൾ നിർവികാരതയോടെ അവരെ തള്ളിപ്പറഞ്ഞു കടന്നുപോകുമോ? അതല്ല അവരെ ആശ്വസിപ്പിച്ചും ആശ്ലേഷിച്ചും കയ്യയച്ചു സഹായിക്കുമോ? സഹോദരാ, സഹോദരീ നാം അവരെ ഹൃദയംകൊണ്ടു സ്വീകരിക്കുമ്പോൾ, അവരെ നമ്മാലാവത് ആഹാരമായും വസ്ത്രമായും മരുന്നായും പാർപ്പിടമായും എപ്പോൾ സഹായിക്കുമോ അപ്പോഴാണ് നാം പലിശ രഹിത കടം നൽകുന്നത്. ഇതു സ്വീകരിക്കുന്നത് ആരാണെന്നറിയാമോ? സാക്ഷാൽ ദൈവം! നാം മനസ്സിലും ഹൃദയത്തിലും ആത്മാവിലും ആരാധിക്കുകയും അകമഴിഞ്ഞു സ്നേഹിക്കുകയും ചെയ്യുന്ന നമ്മുടെ പൊന്നുതമ്പുരാൻ-ദൈവം. ഈ കടം സ്വീകരിക്കുന്ന ദൈവം നമുക്ക് എത്ര ഇരട്ടിയായി തിരികെ നൽകുകയില്ല!!.

ഇങ്ങനെ കടം വാങ്ങാനുള്ളവരെ തേടിപ്പിടിച്ചു നൽകുമ്പോഴാണ് ദൈവം നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുക എന്നോർക്കുക. ആരാണോ ആവശ്യക്കാരന്റെ മുൻപിൽ ദൈവമായി പ്രത്യക്ഷപ്പെടുന്നത് അവനാണ് ദൈവത്തിനു കടം നൽകുന്നത്. അവർ ഭാഗ്യവാന്മാർ.

(ഒരു ഇംഗ്ലീഷ് കുറിപ്പിനോടു കടപ്പാട്)




# തിരിച്ചറിവ്

ഷീലു

**അറിവല്ല-തിരിച്ചറിവാണ് അനിവാര്യം!**

- ഗുരുവിനെ ഒരുനോക്ക് കാണുവാൻ അത്തിമുകളിൽ കയറിയവനെ ഗുരു 'തിരിച്ചറിഞ്ഞു'. ചുങ്കക്കാരിൽ പ്രധാനിയെ, ഉദാരമതിയാക്കിയ 'തിരിച്ചറിവ്'!
- 'എന്നെ അനുഗമിക്കുക' എന്ന തിരുമൊഴിയിൽ ലേവി സ്വയം 'തിരിച്ചറിഞ്ഞു'-ചുങ്കക്കാരനെ, സുവിശേഷകനാക്കിയ 'തിരിച്ചറിവ്'!
- ശിമയോന്റെ വീട്ടിൽ വിരുന്നെത്തിയവനെ മഗ്ദലേന 'തിരിച്ചറിഞ്ഞു'. ഗുരുമൊഴിയുടെ പൊരുൾ അവൾ 'തിരിച്ചറിഞ്ഞു' - ജീവിതത്തിലേക്ക് വീണ്ടും ഒരു മടക്കയാത്ര!
- അവളെ മനസ്സാ പഴിച്ച ശിമയോനും സ്വയം 'തിരിച്ചറിഞ്ഞു'.
- പന്നിക്കൂട്ടിലിരുന്ന് ധൂർത്തപുത്രൻ സ്വയം 'തിരിച്ചറിയുന്നു' - പിതൃഭവനത്തിലേക്ക് ഒരു മടക്കയാത്ര!
- വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവൾ - ഗുരുസാന്നിദ്ധ്യം അവൾക്കും 'തിരിച്ചറിവാകുന്നു'.
- കല്ലെറിയാൻ വന്നവരും സ്വയം 'തിരിച്ചറിഞ്ഞു', ഓരോരുത്തരായി മടങ്ങി.



ഗുരുസാന്നിധ്യം എനിക്കും നിനക്കും അറിവാകണം. അറിവ് നമ്മെ 'തിരിച്ചറിവി'ലേക്ക് നയിക്കണം. അതിന് ആ തിരുസാന്നിദ്ധ്യം നമുക്ക് തണലാകണം. ആ തണലിൽ അവനോട് ചേർന്നിരിക്കുക. അവന്റെ സാമീപ്യം നമുക്ക് തിരിച്ചറിവേകും.


എന്റെ 'ഇന്നലെ'കളുടെ പന്നിക്കൂട്ടിൽ നിന്ന്... ഞാൻ കയറിയിരിക്കുന്ന എന്റെ അഹങ്കാരമാകുന്ന അത്തിവൃക്ഷത്തിൽ നിന്ന്...നമുക്ക് താഴെ ഇറങ്ങാം. പിതൃഭവനത്തിലേക്ക് തിരികെപ്പോകാം.

എല്ലാം മറന്ന് മാറോട് ചേർക്കാൻ നീട്ടിയ അവന്റെ കരങ്ങളിലേക്ക് സ്വയം വിട്ടുകൊടുക്കാം. പിതാവേ, സ്വർഗ്ഗത്തിനെതിരായും നിനക്കെതിരായും ഞാൻ പിഴചെയ്തുപോയി, പൊറുക്കേണമേ.





കുടുംബ വിശുദ്ധി



# വിശുദ്ധി സ്നേഹത്തിന്റെ നിറവ്

മിനി വന്യംപറമ്പിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

*നിങ്ങളുടെ സ്വർസ്ഥനായ പിതാവു പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ* (മത്താ 5,48).

*നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ എല്ലാ പ്രവൃത്തികളിലും നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ. ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു: ഞാൻ പരിശുദ്ധനായിരിക്കുന്നതുകൊണ്ട് നിങ്ങളും പരിശുദ്ധരായിരിക്കുവിൻ* (1 പത്രോ 1,15-16). ദൈവം നമ്മെ അശുദ്ധിയിലേക്കല്ല വിശുദ്ധിയിലേക്കാണ് വിളിച്ചിരിക്കുന്നത്. സ്നേഹത്തിന്റെ പൂർണതയിൽ നിർവഹിക്കേണ്ടവ നിർവഹിക്കുമ്പോൾ വിശുദ്ധി കൈവരും. ഒന്നുകൂടി വ്യക്തമാക്കിയാൽ കുടുംബാംഗങ്ങൾ പരസ്പരം പൂർണതയിൽ കൊടുക്കുന്നവരും സ്വീകരിക്കുന്നവരുമായി തീരുമ്പോൾ കുടുംബവിശുദ്ധി കൈവരും. ഇതിന് യാതൊരു വ്യവസ്ഥകളോ അതിർവരമ്പുകളോ ഇല്ല. ജ്ഞാനത്തിന്റെ പുസ്തകം 6,10-ൽ ഇപ്രകാരം കാണാം: വിശുദ്ധമായവ വിശുദ്ധിയോടെ ചെയ്യുന്നവർ വിശുദ്ധരാകും; അവ അഭ്യസിക്കുന്നവർ രക്ഷ കണ്ടെത്തും. എല്ലാ ക്രൈസ്തവരും വിശുദ്ധിയിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത്. *ഇതാണു ദൈവഹിതം നിങ്ങളുടെ വിശുദ്ധീകരണം* (1 തെസ 4,3) മാമോദീസാവഴി ഈശോയിൽ തിരെഞ്ഞെടുക്കപ്പെട്ടവരെല്ലാം പരിശുദ്ധരായിരിക്കാൻ വിളിക്കപ്പെട്ടവരാണ്. *തന്റെ മുമ്പിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിനുമുമ്പേ തന്നെ അവിടുന്നു നമ്മെ മിശിഹായിൽ തിരഞ്ഞെടുത്തു* (എഫേ 1,4).

വിശുദ്ധിയിൽ വളരുക എന്ന ദൈവികപദ്ധതിക്കനുസൃതം അനുദിനം ജീവിതനവീകരണം നടത്തുവാനും വിശുദ്ധിയിൽ വളരുവാനും നാം പരിശ്രമിക്കണം. വിശുദ്ധി ഒരു ദൈവവിളിയാണ്; സ്നേഹത്തിന്റെ പൂർണതയാണ്. പൂർണസ്നേഹത്തിന്റെ സവിശേഷതകളെക്കുറിച്ച് വി.പൗലോസ് ശ്ലീഹാ തന്റെ 1 കോറി. 13 അധ്യാ.യം വിവരിക്കുന്നു. ഞാൻ മനുഷ്യരുടെയും ദൈവദൂതന്മാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ ആണ്... ഇനി ആ സ്നേഹത്തിന്റെ സവിശേഷതകൾ സ്നേഹം ദീർഘക്ഷമയുള്ളതും ദയയുള്ള

തുമാണ്. അത് അസൂയപ്പെടുന്നില്ല, അത്മപ്രശംസ ചെയ്യുന്നില്ല, അഹങ്കരിക്കുന്നില്ല, അനുചിതമായി പെരുമാറുന്നില്ല, സ്വാർത്ഥം അന്വേഷിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല, അനീതിയിൽ സന്തോഷിക്കുന്നില്ല... സ്നേഹം സകലതും സഹിക്കുന്നു, സകലതും വിശ്വസിക്കുന്നു, സകലതും പ്രത്യാശിക്കുന്നു. ഇപ്രകാരം ജീവിക്കുന്ന ഒരു വ്യക്തി സ്നേഹത്തിന്റെ, വിശുദ്ധിയുടെ പാതയിലാണ് ചരിക്കുക.

പരിശുദ്ധനായ ദൈവത്താൽ സ്വന്തമാക്കപ്പെട്ടവരാണ് ദൈവജനം. ആയതിനാൽ അവർ പരിശുദ്ധരാണ്. *നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തജനവുമാണ്* (1 പത്രോ 2,9). അതുപോലെ ദൈവപുത്രനായ ഈശോയുടെ ശരീരമെന്ന നിലയിൽ സഭയിൽ എല്ലാവരും വിശുദ്ധരാണ്. അതോടൊപ്പം പാപബദ്ധമായ മനുഷ്യപ്രകൃതി എല്ലാവർക്കുമുള്ളതിനാൽ സഭയിൽ എല്ലാവരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരുമാണ്. ദൈവത്തിന്റെ അനന്തമായ സ്നേഹത്തിലും വിശുദ്ധിയിലും പങ്കുപറ്റി ജീവിക്കുന്നവരാണ് സഭാതനയർ. അനുദിനജീവിതത്തിലെ പാപസാഹചര്യങ്ങളെ നിരന്തരമായ പരിശ്രമത്തിലൂടെ അതിജീവിച്ച് ആത്മാവിൽ നിറഞ്ഞ ഒരു ജീവിതം നയിക്കുമ്പോഴാണ് നാം ദൈവത്തിന്റെ വിശുദ്ധിയിൽ പങ്കുകാരാകുന്നത്. പാപവഴികളിൽ നിന്നു മുക്തിനേടുവാൻ നമ്മെ സഹായിക്കുന്ന സ്രോതസുകളാണ് കൂദാശകൾ. ഓരോ കൂദാശാസ്വീകരണത്തിലൂടെയും നമുക്ക് പാപമോചനവും ദൈവികജീവന്റെ നിറവും ലഭിക്കുന്നു. ഒന്നുകൂടി വ്യക്തമാക്കിയാൽ ആത്മീയവും ശാരീരികസൗഖ്യവും ലഭിക്കുന്നു. പരിശുദ്ധാത്മാവിന്റെ ചൈതന്യം നമ്മിൽ നിരന്തരം പ്രവർത്തനനിരതമാകുന്നത് അടുത്തടുത്തുള്ള കൂദാശാസ്വീകരണത്തിലൂടെയാണ്. മാമോദീസായിൽ ആരംഭിക്കുന്ന ആത്മീയജീവിതം സ്ഥൈര്യലേപനത്തിൽ ഉറപ്പിക്കപ്പെടുന്നു. മറ്റുകൂദാശകളിലൂടെ ആത്മാവിൽ വളർന്ന് പ്രത്യേകിച്ച് വി. കുർബാനയിലൂടെ പരിപോഷിപ്പിക്കപ്പെട്ട് വിശുദ്ധിയിലേക്ക് നീങ്ങുന്ന ഒരു ജീവിതമാണ് ദൈവമക്കൾക്കടുത്ത സഭാജീവിതം. കൂദാശകൾ ജീവശക്തിയുടെയും ആത്മവർഷത്തിന്റെയും നീർച്ചാലുകളാണ്.

## എന്തുകൊണ്ട് വിശുദ്ധരുടെ പേരുകൾ സ്വീകരിക്കുന്നു?

ജീവിതത്തിൽ ദൈവഹിതമനുസരിച്ച് ജീവിച്ച് ദൈവത്തിന്റെ പരിശുദ്ധി സ്വന്തമാക്കി ദൈവത്തിനായി ജീവിച്ചുമരിച്ച മഹാത്മാക്കളാണ് വിശുദ്ധർ. മാമോദീസായിൽ ഏതു വിശുദ്ധന്റെ/വിശുദ്ധയുടെ പേരാണോ സ്വീകരിച്ചിരിക്കുക ആ വിശുദ്ധന്റെ/വിശുദ്ധയുടെ ജീവിതമാതൃക സ്വന്തമാക്കി അനുകരിച്ച് അവരെ സ്വർഗീയ മധ്യസ്ഥരായി അവരുടെ സഹായത്തോടെ ദൈവത്തിന്റെ വിശുദ്ധിയെ പ്രാപിക്കാൻ കടപ്പെട്ടവരാണ് മാമോദീസാ സ്വീകരിച്ച ഓരോ വ്യക്തിയും. വിശുദ്ധിയുടെ പടവുകൾ നാം തേടിപ്പോകേണ്ട ആവശ്യമില്ല. നാം ഓരോരുത്തരും ആയിരിക്കുന്ന ജീവിതസാഹചര്യങ്ങളിൽ -ജീവിതാനുഭവങ്ങളിൽ കുഞ്ഞു കുഞ്ഞു പ്രശ്നങ്ങളിൽ ദൈവഹിതം അനുസരിച്ച് ജീവിച്ചാൽ മാത്രം മതി. വഴികൾ പലർക്കും പലതാകാം... രോഗങ്ങളോ കഷ്ടതകളോ ക്ലേശങ്ങളോ ചെയ്യാത്ത കുറ്റങ്ങൾക്കു വിധിക്കപ്പെട്ടതോ ശിക്ഷിക്കപ്പെട്ടതോ മനസിലാക്കപ്പെടാത്തതോ പരിഗണിക്കപ്പെടാത്ത അവസ്ഥകളോ അവഗണനകളോ തെറ്റിദ്ധാരണകളോ പരിഹാസങ്ങളോ കുറ്റപ്പെടുത്തലുകളോ ഒക്കെയാവാം. ഇവിടെയെല്ലാം ഒരു ക്രിസ്ത്യാനിയെന്ന നിലയിൽ ദൈവഹിതം നിറവേറ്റുമ്പോൾ നാം വിശുദ്ധരായി മാറും. സഹനത്തിലൂടെ വിശുദ്ധി സ്വന്തമാക്കിയ വി. അൽഫോൻസാമ്മ; പ്രാർത്ഥനയാകുന്ന കുറുക്കുവഴിയിലൂടെ സ്വർഗ്ഗത്തിലെത്തിയ വി.കൊച്ചുത്രേസ്യ, ദാരിദ്ര്യത്തെ വരിച്ച വിശുദ്ധനായ ഫ്രാൻസിസ് അസ്സീസിയും പാവപ്പെട്ട ദരിദ്രരിൽ ഈശോയെ കണ്ട് ശുശ്രൂഷചെയ്ത വാ. മദർ തെരേസയും ഇതിനെല്ലാം മകുടോദാഹരണങ്ങളാണ്.



പ്രതീക്ഷയുടെ പൂമൊട്ടുകൾ


## കുടുംബം വിശുദ്ധിയുടെ അടിത്തറ

സഭ എന്നും കുടുംബത്തെ പരിപാവനമായി കരുതിയിരുന്നു. കുടുംബത്തെ ഗാർഹികസഭ എന്നാണ് രണ്ടാംവത്തിക്കാൻ കൗൺസിൽ വിശേഷിപ്പിക്കുക.സഭയുടെ വിശ്വാസം വരുംതലമുറകൾക്കു കൈമാറുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്നത് കുടുംബങ്ങളാണ്. ഈശോ നേടാൻ ആഗ്രഹിച്ച ലോകരക്ഷ ഓരോ കുടുംബത്തിലൂടെയുമാണ് ഇന്ന് സഫലമാകേണ്ടത്. വിശ്വാസത്തിന്റെ ബാലപാഠങ്ങൾ അഭ്യസിക്കുന്ന കളരിയാണ് കുടംബം. ഒരുവൻ തന്റെ വിശ്വാസത്തിന്റെ അടിത്തറ പാകേണ്ടത് തന്റെ കുടുംബത്തിൽ നിന്നു തന്നെയാണ്. ഇതിൽ നല്ലൊരു ഉത്തരവാദിത്തവും കടമയും മാതാപിതാക്കൾക്കുണ്ട്. വാക്കുകളേക്കാൾ ജീവിതമാതൃക ഇവിടെ കൂടുതൽ പ്രചോദനം നല്കുമെന്നത് മാതാപിതാക്കൾ ഓർത്തിരിക്കേണ്ട ഒരു കാര്യമാണ്. നല്ല കുടുംബത്തിൽ നിന്നാണ് നല്ല വ്യക്തികൾ രൂപംകൊള്ളുക. വ്യക്തികൾ നന്നാകുമ്പോൾ കുടുംബവും, കുടുംബം നന്നാകുമ്പോൾ സമൂഹവും, നാട് നന്നാകുമ്പോൾ രാജ്യവും, രാജ്യങ്ങളിലൂടെ ലോകവും നന്മയിൽ പ്രശോഭിതമാകും.

അതിനാൽ മാറ്റത്തിന്റെ, നവീകരണത്തിന്റെ അലയടികൾ ആദ്യം എന്നിലാണ് ഉയരേണ്ടത്. ഈ ലോകത്തിൽ ഒരു മനുഷ്യനും പൂർണനല്ല; മനുഷ്യപുത്രനായ ഈശോ മാത്രമേ പൂർണനായിട്ടുള്ളൂ. ദൈവസൃഷ്ടിയായ മനുഷ്യൻ കുറവുകളും ബലഹീനതകളും പോരായ്മകളും ഉള്ള അപൂർണമനുഷ്യനാണ്. മനുഷ്യനെ ദൈവം തന്റെ പൂർണതയിലേക്കാണ് വിളിച്ചിരിക്കുക. ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം (1 തെസ 4,3). പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നുണ്ട് എന്റെ ബലഹീനതയിലാണ് കർത്താവിന്റെ ശക്തി പ്രകടമാകുന്നത് എന്ന്. കുടുംബജീവിതത്തിൽ അപൂർണരായ രണ്ടു വ്യക്തികളുടെ ഒന്നു ചേരലിൽ പരസ്പരം പൂർണമാക്കപ്പെടുക കർത്താവിന്റെ കൃപയുടെ ശക്തിയാലാണ്. ജീവിതപങ്കാളികളുടെ പരസ്പര സ്നേഹത്തിലും വിശ്വസ്തതയിലും ആത്മാർപ്പണത്തിലും ത്യാഗത്തിലുമൊക്കെ പരസ്പരം സഹായിച്ചും സഹകരിച്ചുംകൊണ്ടുമാണ് ഈ ദൈവകൃപയുടെ ശക്തി പ്രകടമാകുക. കർത്താവിന്റെ കൃപ കുറയുന്നിടത്ത് പ്രശ്നങ്ങളുടെ തിരമാലകൾ ഉയരും. ജീവിതപങ്കാളിക്കുവേണ്ടി എല്ലാം സഹിക്കാൻ, സഹകരിക്കാൻ, ക്ഷമിക്കാൻ, ത്യജിക്കാൻ, വിട്ടുകൊടുക്കാൻ, ഒരല്പം താഴ്ന്നുകൊടുക്കാൻ, പരിശ്രമിച്ചാൽ ഇന്ന് കുടുംബങ്ങൾ സമാധാനത്തിന്റെയും സന്തോഷങ്ങളുടെയും ഈറ്റില്ലമായി മാറുമെന്നത് സുനിശ്ചിതമാണ്.

ഇന്ന് പേരിനും പെരുമയ്ക്കും, സമ്പത്തിനും സ്ഥാനമാനങ്ങൾക്കും, ആധിപത്യങ്ങൾക്കും അവകാശങ്ങൾക്കുമായി പരസ്പരം കലഹിക്കുന്ന - കഴുത്തറക്കുന്ന - ജീവനെ കുരുതികൊടുക്കുന്ന ഈ ലോകത്തിൽ ആരാണ് സഹോദരന്റെ കാവലാൾ? സ്വത്തുമുഴുവനും തനിക്കു സ്വന്തമാക്കാൻ സ്വസഹോദരിയെ നിർദ്ദയം പീഡിപ്പിക്കുന്നവനും കാമഭ്രാന്തിനാൽ വെറിപൂണ്ടവന്റെ മുമ്പിലകപ്പെടുന്ന പെണ്ണ് എന്ന വർഗ്ഗത്തെ വേഴ്ചയിലൂടെ കിരാതമായി കുരുതികഴിക്കുന്നവനും പെറ്റമ്മയെ പോറ്റേണ്ടവൻ സുബോധം നഷ്ടമാക്കി അധാർമ്മികതയുടെ കരാളഹസ്തത്തിലമർന്ന് ഭോഗവസ്തുവായി കണ്ടവനും സാഹോദര്യത്തിന്റെ-സ്നേഹത്തിന്റെ-ജീവന്റെ സംസ്കാരം അറിയാൻ-മനസിലാക്കാൻ-ജീവിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ! വിശുദ്ധമാർന്ന ഒരു നവലോകം പടുത്തുയർത്താൻ കഴിയുമായിരുന്നു. കുടുംബത്തിലൂടെ ലോകത്തെ നവീകരിക്കാൻ ഓരോ ഭാര്യയും ഭർത്താവും; മാതാവും പിതാവും; മാതാപിതാക്കളും മക്കളും; സഹോദരനും സഹോദരിയും പരിശുദ്ധാത്മാവിന്റെ നിറവിലൂടെ സ്നേഹമാർന്ന കുടുംബജീവിതത്തെ പടുത്തുയർത്തുന്നവരാകട്ടെ.

*(തുടരും... ഭാര്യാ ഭർതൃബന്ധം വിശുദ്ധിയിലേക്കുള്ള വിളി)*



# സ്വർഗാരോപണവും സ്വാതന്ത്ര്യദിനാഘോഷവും

ഷിനി തെരേസ് മുതുപ്ലാക്കൽ

ആദ്യകാലംമുതൽക്കേ പൗരസ്ത്യസഭകളിൽ വളരെ ആഘോഷപൂർവം കൊണ്ടാടിയിരുന്ന ഒരു തിരുനാളാണ് പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാൾ. വിദൂരദേശങ്ങളിൽ സുവിശേഷപ്രഘോഷണം നടത്തിയിരുന്ന ശ്ലീഹന്മാർ മാതാവിന്റെ മരണസമയത്ത് ജറുസലേമിൽ എത്തിയതായുള്ള ഒരു പാരമ്പര്യം നിലവിലുണ്ട്. പത്രോസ് റോമിൽനിന്നും തോമ്മാ ഇന്ത്യയിൽനിന്നും യോഹന്നാൻ എഫേസോസിൽനിന്നും വന്നു എന്ന് പൗരസ്ത്യസുറിയാനിസഭയുടെ പ്രാർത്ഥനകളിൽ കാണുന്നു.

എല്ലാവർക്കും രക്ഷ സാധ്യമാക്കാൻ വിണ്ണിൽനിന്നിറങ്ങിയ ദൈവപുത്രന് ഏറ്റം യോഗ്യമായ വാസസ്ഥലമായി അവിടുന്ന് തിരഞ്ഞെടുത്തത് പരി. അമ്മയുടെ ഉദരമായിരുന്നു. കാലിത്തൊഴുത്തിലെ സന്തോഷാനുഭവത്തിൽ മാത്രമല്ല, കാൽവരിയിലെ സഹനാനുഭവത്തിലും തന്റെ പുത്രനോടൊപ്പം അവൾ ഉണ്ടായിരുന്നു. തനിക്കു മനസ്സിലാക്കാനാവാത്ത ജീവിതാനുഭവങ്ങളിലും (ലൂക്കാ 2,49) ലോകദൃഷ്ടിയിൽ ചെറുതാക്കപ്പെട്ടുവെന്ന തോന്നലുകളിലും (യോഹ 2,4; മത്താ 12,48) തന്റെ പുത്രനിലുള്ള വിശ്വാസത്തിൽ നിന്നും പരി. അമ്മ തെല്ലും വ്യതിചലിച്ചില്ല. ഈശോയുടെ പീഡാനുഭവവേളയിൽ ചിതറിയപ്പോയ ശിഷ്യഗണത്തെ സെഹിയോൻശാലയിൽ പ്രാർത്ഥനയിൽ ഒന്നിച്ചുകൂട്ടി അവർക്ക് പ്രത്യാശ പകർന്നത് മാതാവിന്റെ ഈ വിശ്വാസമായിരുന്നു.

പരി. അമ്മ തന്റെ ഉദരത്തിൽ ഈശോയെ വഹിച്ചെങ്കിൽ, പരി. കുർബാനയിലൂടെ ഈശോയെ ഹൃദയത്തിൽ വഹിക്കുന്നവരാണ് നാം. മാമ്മോദീസായിലൂടെ ദൈവമക്കളായിത്തീർന്ന്, പരി. കുർബാനയിലൂടെ ദൈവവുമായി ഒന്നുചേർന്നു ജീവിക്കുന്ന നമ്മുടെ ജീവിതത്തിലും വിശ്വാസം പരീക്ഷിക്കപ്പെടുന്ന അനവധിസന്ദർഭങ്ങളുണ്ടാകാം. അങ്ങനെയുള്ള അവസരങ്ങളിൽ വിശ്വാസം ത്യജിക്കാതെ, മാതാവിന്റെ ജീവിതത്തിലേക്കു ധ്യാനാത്മകമായി ഒന്നു തിരിഞ്ഞുനോക്കുവാനും ശക്തിപ്രാപിക്കുവാനും നമുക്കു കഴിയണം.





ഏതു മേഖലകളിലുമുള്ളവർക്കും പരി. മറിയത്തിന്റെ ജീവിതം ഒരു മാതൃകയാണ്. സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ള പ്രയാണത്തിൽ അവൾ നമുക്കു വഴികാട്ടിയാണ്. ഈ ഭൂവിലെ ജീവിതത്തിൽ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ദീപമായിമാറി, ഇപ്പോൾ സ്വർഗ്ഗത്തിൽ നിത്യം നിലനില്ക്കുന്ന സ്നേഹത്തിൽ ലയിച്ച് സ്വർഗീയരാജ്ഞിയായി വിളങ്ങുന്ന പരി. അമ്മ നമുക്കേവർക്കും തുണയായിരിക്കട്ടെ.

വൈദേശികശക്തികളിൽനിന്നും സ്വാതന്ത്ര്യം പ്രാപിച്ചതിന്റെ ഓർമ്മ നമ്മുടെ മാതൃരാജ്യമായ ഇന്ത്യ ആഘോഷിക്കുമ്പോൾ മൺമറഞ്ഞവരും ജീവിച്ചിരിക്കുന്നവരുമായ സ്വാതന്ത്ര്യസമരസേനാനികളെ നമുക്ക് പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഒളിഞ്ഞും തെളിഞ്ഞും സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി ജീവൻ ബലികഴിച്ചവരും എല്ലാം നഷ്ടമാക്കിയവരുമായ അനേകരുടെ പ്രയത്നഫലമാണ് നാമിന്ന് അനുഭവിക്കുന്നത്. സ്വതന്ത്രഇന്ത്യ ഇന്ന് ഏതൊക്കെ മേഖലകളിൽ വികസനത്തിലേക്കു കുതിക്കുന്നുണ്ടോ അവിടൊക്കെ ഈ ധീരപോരാളികളുടെ സ്മരണ ദീപ്തമാകണം.

രാജ്യമെങ്ങും സ്വാതന്ത്ര്യദിനാഘോഷം വർണ്ണാഭമാകുമ്പോൾ അതിന്റെ പ്രഭയിൽ മറക്കപ്പെടുകയും മറയ്ക്കപ്പെടുകയും ചെയ്യുന്ന ധാരാളം ഇന്ത്യൻ പൗരന്മാരുണ്ട്. 171 കോടിവരുന്നഭാരതമക്കളിൽ സ്വാതന്ത്ര്യത്തിന്റെ സ്വാദ് ഇനിയും രുചിക്കാൻ കഴിയാത്തവർ... ബാലവേല, വിദ്യാഭ്യാസനിഷേധം തുടങ്ങിയവയിലൂടെ സ്വന്തം ഭവനത്തിലും മറ്റ് വ്യാപാര-വ്യവസായസ്ഥാപനങ്ങളിലും ശരിയായ സ്വാതന്ത്ര്യത്തിന്റെ വായു ശ്വസിക്കാനാവാത്ത കുട്ടികൾ... കൊള്ള, കൊള്ളപ്പലിശ, കരിഞ്ചന്ത, പൂഴ്ത്തിവയ്പ് തുടങ്ങിയ അനീതികളിലൂടെ മറ്റുള്ളവർക്കു മുമ്പിൽ സ്വാതന്ത്ര്യത്തിന്റെ വാതിൽ കൊട്ടിയടയ്ക്കുന്നവർ... കയ്പേറിയ ജീവിതസാഹചര്യങ്ങളാകുന്ന തടവറയ്ക്കുള്ളിൽ തളയ്ക്കപ്പെട്ടവർ... മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരികൾ എന്നിവവഴി സ്വയം നിർമ്മിക്കുന്ന അടിമത്തത്തിന്റെ കൂച്ചുവിലങ്ങ് അണിയുന്നവർ... രാജ്യത്ത് ദാരിദ്രരുടെ എണ്ണം വർദ്ധിക്കുന്നു എന്ന കണക്കുകൾ പുറത്തുവരുമ്പോഴും ലോകത്തിലെ കോടീശ്വരന്മാരുടെ പട്ടികയിൽ സ്ഥാനംപിടിച്ച ഭാരതീയർ, ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം കൂടുന്നതുവഴിയുണ്ടാകുന്ന അസമത്വങ്ങൾ സൃഷ്ടിക്കുന്ന അസ്വാതന്ത്ര്യത്തിലേക്കല്ലേ വിരൽചൂണ്ടുന്നത്...?

ചരിത്രം പരിശോധിച്ചാൽ ഇന്ത്യയുടെ വളർച്ചയ്ക്ക് ക്രൈസ്തവർ നല്കിയിട്ടുള്ള സംഭാവനകൾ എത്ര മഹത്തരമെന്ന് മനസ്സിലാക്കാം. യഥാർത്ഥ സ്വാതന്ത്ര്യം എല്ലാ ജനങ്ങളിലും എല്ലാ മേഖലകളിലും കരഗതമാക്കുന്നതിന് ആവശ്യമായവ ചെയ്യാൻ ക്രൈസ്തവരായ നമുക്ക് കടമയും ഉത്തരവാദിത്വവുമുണ്ട്. 'എന്റെ സഹോദരന്റെ കാവൽക്കാരൻ ഞാനാണ്' എന്ന ചിന്തയോടെ ക്രിസ്തീയ സ്നേഹം ജീവിതത്തിൽ പ്രാവർത്തികമാക്കാൻ നമുക്കു പരിശ്രമിക്കാം. ഭാരതത്തിന്റെ സമഗ്ര ഉന്നമനത്തിനായി സ്വർഗീയരാജ്ഞിയോട് നമുക്കു മാദ്ധ്യസ്ഥ്യം തേടാം.

**കൈത്താക്കാലം**

മിശിഹായ്ക്കുവേണ്ടി, സഭയ്ക്കുവേണ്ടി, എല്ലാ ബുദ്ധിമുട്ടുകളെയും തൃണവൽക്കരിച്ചുകൊണ്ട് മരണം വരെ പോരാടി ശ്ലീഹന്മാർ വിജയം വരിച്ചു. വിശ്വാസജീവിതത്തിൽ അനുദിനം നേരിടുന്ന പ്രതിസന്ധികളെ നേരിട്ടുകൊണ്ട് അഭിമാനത്തോടെ മിശിഹായ്ക്കു സാക്ഷ്യംവഹിക്കുവാൻ നാം തയ്യാറാണോ എന്ന് ആത്മപരിശോധന ചെയ്യേണ്ടിയിരിക്കുന്നു. യഥാർത്ഥ മിശിഹാനുഭവത്തിൽ വളർന്നിട്ടുണ്ടെങ്കിൽ മാത്രമേ ഇത് സാധിക്കൂ.

# സെനക്കിൾ തരംഗം

**സന്ദേശം**

**മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,**

ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണത്തിൽ മുളച്ചുവിടർന്ന സഭാതരു ഫലംചൂടി നില്ക്കുന്നതിന്റെ ഓർമ്മയാചരണമാണ് കൈത്താക്കാലത്തിന്റെ പ്രത്യേകത. സഭാപിതാക്കന്മാരുടെ ഭാഷയിൽ നമ്മുടെ മദ്ധ്യേ നടക്കുന്ന മിശിഹായാണ് സഭ. സഭയിലുള്ള മിശിഹായുടെ സാന്നിദ്ധ്യത്തെയും ശുശ്രൂഷയെയും പ്രതിനിധീകരിക്കുന്നവനാണ് പുരോഹിതൻ. മിശിഹായോടുള്ള ഐക്യത്തിൽ ജീവിക്കുവാനും പുരോഹിതശുശ്രൂഷ നിർവഹിക്കുവാനും ഈ കാലഘട്ടം നമ്മെ ആഹ്വാനംചെയ്യുന്നു. “ശിമയോനേ, നീ എന്നെ സ്നേഹിക്കുന്നുവോ?” എന്ന ചോദ്യവും “എന്റെ ആടുകളെ മേയിക്കുക” എന്ന കല്പനയും തമ്മിലുള്ള ബന്ധം അന്വർത്ഥമാക്കിക്കൊണ്ട് സഭാശുശ്രൂഷ നിർവഹിക്കുവാനും ഈ കാലഘട്ടം നമ്മെ ക്ഷണിക്കുന്നു.

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

**വാർത്തകൾ**

അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകൻ, ദൈവദാസൻ വില്യം ജകീൻതാപിതാവിന്റെ ജന്മശതാബ്ദിയാഘോഷം 2014 ജൂൺ 21-22 തീയതികളിൽ, ജന്മസ്ഥലമായ, ഇറ്റലിയിലെ സിസിലിയിലുള്ള ‘നോത്തോ’യിൽവച്ച് നടക്കുകയുണ്ടായി. ശതാബ്ദിയോഘോഷങ്ങളിൽ പങ്കുചേരാൻ ഇറ്റലി, അമേരിക്ക, മാൾട്ടാ, ലിത്വേനിയാ, ഇന്ത്യ എന്നീ രാജ്യങ്ങളിൽനിന്നും സൊദാലെസ് വൈദികർ, അപ്പസ്തോലിക് ഒബ്ലേറ്റ്സ്, സോഷ്യൽ ആനിമേറ്റേഴ്സ്, പ്രോസാങ്ടിറ്റി മൂവ്മെന്റ് അംഗങ്ങൾ എന്നിവരെല്ലാം എത്തിച്ചേർന്നിരുന്നു. ഇന്ത്യയിൽനിന്നും അപ്പസ്തോലിക് സൊദാലെസിന്റെ ജനറൽ മേജർ ഫാദർ മല്പാൻ മാത്യു വെള്ളാനിക്കലച്ചനും 13 അപ്പസ്തോലിക് ഒബ്ലേറ്റ്സും, സോഷ്യൽ ആനിമേറ്റർ ശ്രീ. എബ്രാഹം ജോസഫും ആഘോഷങ്ങളിൽ പങ്കുചേർന്നു. നോത്തോ രൂപതയുടെ കത്തീഡ്രലിൽവച്ച് 21-ാം തീയതി നടന്ന പ്രാർത്ഥനാസമ്മേളനത്തിൽ രൂപതാമെത്രാനും വിവിധ രാജ്യങ്ങളിൽനിന്നെത്തിയ മാക്സിമലിസത്തിന്റെ പ്രേഷിതകുടുംബാംഗങ്ങളുടെ പ്രതിനിധികളും ദൈവദാസനുമായി ബന്ധപ്പെട്ട തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയുണ്ടായി. 22-ാം തീയതിയിലെ പരി. കുർബാനയാഘോഷത്തിൽ കത്തീഡ്രൽ നിറഞ്ഞുകവിഞ്ഞ് വിശ്വാസികൾ പങ്കുചേർന്നു. ആഘോഷങ്ങൾക്കുശേഷം 23-ാം തീയതി അപ്പസ്തോലിക് സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ മീറ്റിംഗ് ‘നോത്തോ’യിൽവച്ചുതന്നെ നടന്നു. മീറ്റിംഗിന്റെ സമാപനത്തിൽ ജനറൽ കൗൺസിലംഗങ്ങൾ ജനറൽ മേജർ ഫാദറിന്റെ മുഖ്യകാർമ്മികത്വത്തിൽ സ്ഥാപകപിതാവിന്റെ ജന്മഗൃഹത്തിലെ ചാപ്പലിൽ പരി. കുർബാനയർപ്പിക്കുകയും ചെയ്തു.

രോഗബാധിതനായിരുന്ന അപ്പസ്തോലിക് സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടംഗം ഡോൺ അന്തോണിയോ മൊസ്കേത്തോ 2014 ജൂൺ 19-ാം തീയതി നിര്യാതനായി. മരിക്കുമ്പോൾ അദ്ദേഹത്തിനു 83 വയസ്സായിരുന്നു. ഇറ്റലിയിലെ ‘റെഗാൽനാ’ ഇടവകയുടെ വികാരിയായി സേവനമനുഷ്ഠിച്ചിരുന്ന ബഹു. അച്ചൻ 1963 ൽ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചപ്പോൾ, ദൈവദാസൻ ബിഷപ് വില്യം ജകീൻതായോടൊപ്പമുണ്ടായിരുന്ന 6 വൈദികരിലൊരാളായിരുന്നു. അദ്ദേഹത്തിന്റെ മൃതസംസ്കാരത്തിൽ ജനറൽ കൗൺസിലംഗങ്ങൾ സംബന്ധിച്ചു. അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി നമുക്കെല്ലാവർക്കും പ്രാർത്ഥിക്കാം.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.







# അമ്മയോടൊപ്പം അനുഗ്രഹവഴിയേ

**ബെറ്റി കച്ചിറ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

പരിശുദ്ധ ദൈവമാതാവേ, സഭയെ സ്നേഹിച്ചു പരിപാലിക്കുന്ന അമ്മേ, രക്തസാക്ഷികളുടെ ചുടുനിണം വീണു കുതിർന്ന സഭയുടെ മണ്ണിൽ വളരുന്ന ഞങ്ങളുടെ അനുദിനജീവിതത്തിൽ രക്തസാക്ഷിത്വം വരിക്കേണ്ടി വരുമ്പോൾ തളരാതെ, പതറാതെ മുന്നേറുവാൻവേണ്ട കൃപ നീ ഞങ്ങൾക്കു നല്കേണമേ.

**ഒന്നാം ദിവ്യരഹസ്യം**

തിരുസ്സഭയാകും മുന്തിരിതൻ
ശാഖകളാകും ഞങ്ങളിലായ്
ഫലങ്ങളെന്നും നിറഞ്ഞീടാൻ
പരിശുദ്ധ അമ്മേ, പ്രാർത്ഥിക്ക!

1 സ്വർഗ, 10 നന്മ, 1 ത്രിത്വസ്തുതി

**രണ്ടാം ദിവ്യരഹസ്യം**

ഒരുഗണമായ് ഒരു മനമായ്
മിശിഹായിൽ നാം ഒന്നാകാൻ
ഹൃദയം നാഥനു നല്കീടാൻ
പരിശുദ്ധ അമ്മേ, പ്രാർത്ഥിക്ക!

1 സ്വർഗ, 10 നന്മ, 1 ത്രിത്വസ്തുതി

**മൂന്നാം ദിവ്യരഹസ്യം**

സ്നേഹോജ്ജ്വലമാം വിശ്വാസം
കൈമുതലായി സൂക്ഷിക്കാൻ
സാക്ഷ്യം നല്കാൻ ലോകത്തിൽ
പരിശുദ്ധ അമ്മേ, പ്രാർത്ഥിക്ക!

1 സ്വർഗ, 10 നന്മ, 1 ത്രിത്വസ്തുതി

**നാലാം ദിവ്യരഹസ്യം**

സ്നേഹം പ്രത്യാശാദികളെ
വിശ്വാസത്താൽ നിറച്ചീടാൻ
ദുർബലരിവരുടെ വിശ്വാസ-
കുറവിൽ നീ നിറവേകണമേ

1 സ്വർഗ, 10 നന്മ, 1 ത്രിത്വസ്തുതി

**അഞ്ചാം ദിവ്യരഹസ്യം**

സഭയിലെന്നും ഒരു മനമായ്
ദൈവസ്തുതികളുയർത്തീടാൻ
തിരുഹിതമനുവർത്തിച്ചിടുവാൻ
പരിശുദ്ധ അമ്മേ, പ്രാർത്ഥിക്ക!

1 സ്വർഗ, 10 നന്മ, 1 ത്രിത്വസ്തുതി

പരിശുദ്ധ മാതാവേ, സ്ലീവായിൽ കിടന്നുകൊണ്ട് ഈശോ നിന്നെ ഞങ്ങൾക്ക് അമ്മയായി നല്കിയല്ലോ. പ്രതികൂലസാഹചര്യങ്ങളിൽ ജീവിതനൗക ആടിയുലയുമ്പോൾ ദൈവികപദ്ധതിയുടെ ആഴം ഗ്രഹിക്കുവാനും നീയാകുന്ന ശാന്തി നുകർന്ന് മിശിഹായെ അനവരതം സ്തുതിക്കുവാനുമുള്ള അനുഗ്രഹത്തിനായി അമ്മേ, നീ പ്രാർത്ഥിക്കണമേ.

വിചാരണ

# വീണ്ടും ചില വീട്ടുകാര്യങ്ങൾ

**ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**

**ചി**ല കുടുംബപ്രശ്നങ്ങൾമൂലം അസ്വസ്ഥമായിരുന്ന ഒരു വീട്ടിലേക്ക് അവരുടെ ഒരു കുടുംബസുഹൃത്തുവഴി ഒരാശാരി കടന്നുവന്നു. വീടിന്റെ സ്ഥാനവും രൂപവുമൊക്കെനോക്കി പ്രശ്നപരിഹാരം നിർദ്ദേശിക്കാൻ കഴിവുണ്ടെന്നാണ് അയാളെക്കുറിച്ച് കുടുംബസുഹൃത്ത് പറഞ്ഞിരുന്നത്. വീടൊക്കെ ചുറ്റി നടന്നു കണ്ടതിനുശേഷം ആശാരി ഇങ്ങനെയാണ് പറഞ്ഞത്. ഈ വീടിന്റെ ഘടനയിൽ ചില മാറ്റങ്ങൾ വരുത്തണം. ഇങ്ങനെ തുടർന്നാൽ ദുരന്തങ്ങളും അകാല മരണംപോലും ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. പറഞ്ഞു തീർന്നപ്പോഴേ എവിടുന്നോ ഒരു പല്ലി ചിലയ്ക്കുന്ന ശബ്ദം. അത് അയാളുടെ മൊബൈൽ ഫോണിന്റെ റിംഗ്ടോൺ ആയിരുന്നു. പറഞ്ഞതൊക്കെ സത്യമായില്ലേ എന്ന ഭാവത്തിൽ അയാൾ ഫോണെടുത്തു. ഫോണിൽ കേട്ട വാർത്ത ഇപ്രകാരമായിരുന്നു. ആശാരിയുടെ ഭാര്യയെ വിഷം കുടിച്ച് ഗുരുതരാവസ്ഥയിൽ മെഡിക്കൽ കോളജിലേക്ക് കൊണ്ടുപോയിരിക്കുന്നു. എത്രയുംപെട്ടെന്ന് ആശുപത്രിയിലെത്തുക...

മുകളിൽ കുറിച്ചത് ഒരു മിനിക്കഥ. പക്ഷേ അതിലെ കഥാപാത്രങ്ങൾ ഇപ്പോൾ കഥയിൽനിന്ന് നമ്മുടെ ഇടയിലേക്ക് ഇറങ്ങിവന്നിരിക്കുന്നു. ചില സിദ്ധന്മാരുടെയും ആശാരിമാരുടെയും വാക്കുകേട്ട് താമസിക്കുന്ന വീടിന് രൂപമാറ്റം വരുത്തുന്ന ഒരു രീതി ഇന്നു നാടുനീളെ കാണാം. കുടുംബത്തിലെ പ്രശ്നങ്ങളും രോഗങ്ങളും അപകടങ്ങളും തുടങ്ങി അരുതാത്തതെല്ലാം സംഭവിക്കുന്നത് വീടിന്റെ ഇരുപ്പ് ശരിയാകാത്തതുകൊണ്ടാണെന്നുള്ള ഒരു പുതിയ പ്രമാണം ചിലരുടെ വിശ്വാസത്തിൽ എഴുതിച്ചേർക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ വലിയ സാമ്പത്തിക പ്രതിസന്ധിയുള്ളപ്പോഴും വീണ്ടും ലക്ഷങ്ങൾ ബാദ്ധ്യത വരുത്തി വീടിന്റെ രൂപംമാറ്റാൻ അവർ തയ്യാറാകുന്നു.

ആരോഗ്യകരമായ ജീവിതത്തിന് ഭൂമിയുടെ കിടപ്പും കാറ്റിന്റെ ഗതിയും വെള്ളത്തിന്റെ ഒഴുക്കുമൊക്കെ മനസിലാക്കി ഉചിതമായ സ്ഥാനം നോക്കി ഭവനം പണിയണമെന്നത് ശാസ്ത്രം. എന്നാൽ വഴിയെ നടന്നുപോകുമ്പോൾ വണ്ടിയിടിക്കുന്നത് വീടിന്റെ ഇരുപ്പ് ശരിയല്ലാത്തതുകൊണ്ടാണ് എന്നു പറയുന്നത് അന്ധവിശ്വാസം. നിർഭാഗ്യവശാൽ ഇതുപോലുള്ള അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുന്ന സത്യവിശ്വാസികൾ ഇന്നു കൂടിക്കൊണ്ടിരിക്കുന്നു. ചില സിദ്ധന്മാരുടെയും ആശാരിമാരുടെയും അത്ഭുതകരമായ കഴിവുകളെക്കുറിച്ചുള്ള കഥകളുംമറ്റും ബന്ധുക്കളിലൂടെയും അയൽക്കാരിലൂടെയുമൊക്കെ പ്രചരിപ്പിച്ച് വീടുപൊളിക്കൽ ഒരു വൈറസായി സമൂഹത്തിൽ പടർത്താൻ ഇങ്ങനെയുള്ളവർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പണത്തിനും പ്രശസ്തിക്കുമായി ജീവിക്കുന്ന ഇത്തരം സിദ്ധന്മാരെ തൊഴുതു കൂടെ നടക്കുകയും രോഗങ്ങളും അപകടങ്ങളും കുടുംബപ്രശ്നങ്ങളുമൊക്കെ ച്ചേർന്ന് പ്രതിസന്ധിയിലാകുന്ന കുടുംബങ്ങളിൽചെന്ന് പ്രശ്നപരിഹാരത്തിനായി വീടുപൊളിക്കാൻ പറയുകയുംചെയ്യുന്നവരെ സത്യവിശ്വാസികളുടെ ഗണത്തിൽപെടുത്താൻ പാടില്ല. പ്രത്യേകിച്ചും ഭവനനിർമ്മാണം വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന ഈ കാലഘട്ടത്തിൽ ഇതുപോലെയുള്ള അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുന്നത് ഒരു സാമൂഹിക തിന്മ കൂടിയാണ്. ഇടവകയിലും സമൂഹത്തിലും ഇതുപോലെയുള്ള വിഷവിത്തുകൾ മുളയ്ക്കുന്നുണ്ടോയെന്ന് നിതാന്തജാഗ്രതയോടെ ശ്രദ്ധിച്ചുകൊണ്ടിരിക്കാനും അവയ്ക്കെതിരെ സത്യവിശ്വാസത്തിന്റെ ശരിയായ നിലപാടെടുത്ത് ശക്തമായ നടപടികൾ സ്വീകരിക്കാനും അജപാലകർക്കു കടമയുണ്ട്. കാരണം സിദ്ധൻപരിവേഷമുള്ളയാൾ പറയുന്ന ഏതു മണ്ടത്തരവും മുട്ടുകുത്തിനിന്നു സ്വീകരിക്കാൻമാത്രം നമ്മുടെ സമൂഹം വിശ്വാസത്തിൽ വളർന്നിരിക്കുന്നു!!

ജീവിതത്തിലെ പ്രതികൂലാനുഭവങ്ങൾക്ക് മിശിഹായുടെ കുരിശിൽ അർത്ഥം കണ്ടെത്താൻ കഴിയാതെ ആശാരിയുടെ കുരുട്ടുബുദ്ധിയിൽ ആശ്രയിക്കുന്നവർ തങ്ങളുടെ വിശ്വാസത്തെ ഗൗരവമായി വിലയിരുത്തേണ്ടതുണ്ട്. കുടുംബത്തിൽ സമാധാനമുണ്ടാകാൻ പൊളിച്ചു പണിയേണ്ടത് വീടല്ല, സ്വന്തം സ്വഭാവമാണെന്ന് പലരും മറക്കുന്നു. സ്വാർത്ഥതയുടെയും അഹങ്കാരത്തിന്റെയും ദുഷ്ടതയുടെയുമൊക്കെ കെട്ടുപാടുകൾ സ്വന്തം സ്വഭാവത്തിൽനിന്ന് പൊളിച്ചുമാറ്റാൻ നാം സന്നദ്ധരാകുന്നതുതന്നെയാണ് പ്രഥമമായ പരിഹാരക്രിയയെന്ന് തിരിച്ചറിയാനായാൽ അവിടെ സമാധാനം മൊട്ടിട്ടുതുടങ്ങും. അതോടൊപ്പം നമ്മുടേതല്ലാത്ത കാരണത്താൽ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രതിസന്ധികളെ കർത്താവിന്റെ കുരിശോടു ചേർത്തുവയ്ക്കാനും നാം സന്നദ്ധരാകണം. അതല്ലാതെ ഭവനം പണിയുമ്പോഴും അതിനുള്ളിൽ ജീവിക്കുമ്പോഴും കർത്താവിനെ ഉപേക്ഷിച്ച് മറ്റേതു തമ്പുരാക്കന്മാരുടെ പുറകേ പോയാലും എല്ലാം വ്യർത്ഥമായിത്തീരുമെന്ന് കാലം നമ്മെ ബോദ്ധ്യപ്പെടുത്തും. അതിനാൽ ദൈവത്തിന് നിരക്കാത്തതൊന്നും നമ്മുടെ ഭവനങ്ങളിലുണ്ടാകാതിരിക്കട്ടെ; അത് പ്രവൃത്തിയായാലും മനോഭാവമായാലും വിശ്വാസങ്ങളായാലും...





വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ

## Spirituality Centre Programme

**August**

| | |
|---|---|
| 9 | Social Animators |
| 12 | Bible Study Forum |
| 16 | Recollection for Oblates |
| 16-17 | School of Bible |
| 18-19 | Cenacle Gathering (Sodales+Aspirants) |

**September**

| | |
|---|---|
| 7-9 | Child Evangelism Fellowship |
| 13 | Social Animators |
| 20 | Recollection for Oblates |
| 20-21 | School of Bible |
| 23 | Family Day |
| 23-24 | Cenacle Gathering (Sodales+Aspirants) |

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/..........ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre, Manganam P.O., Kottayam - 686 018
Tel. 0481-2578192
apo.oblatesindia@gmail.com
http://apostolicoblatesindia.in

# പ്രതീക്ഷയുടെ പൂമൊട്ടുകൾ



"ഞങ്ങളുടെ കർത്താവായ ദൈവമേ, അനുഗൃഹീതയും കൃപാവരപൂർണ്ണയുമായ മാതാവിന്റെ മാധ്യസ്ഥ്യംവഴി അങ്ങയോടു ഞങ്ങൾ വിനയപൂർവ്വം അപേക്ഷിക്കുന്നു. അങ്ങയുടെ കൃപാവരം ഞങ്ങളിൽ നിറയ്ക്കണമേ. സ്വർഗ്ഗാരോപിതയായ മറിയത്തിന്റെ പ്രാർത്ഥനകൾ ഈ ലോകത്തിൽ ഞങ്ങൾക്ക് ഉറപ്പുള്ള സഹായവും സംരക്ഷണവുമായിരിക്കട്ടെ. പരിശുദ്ധ അമ്മയെപ്പോലെ ഞങ്ങളും സദാസ്വർഗ്ഗീയകാര്യങ്ങളിൽ ശ്രദ്ധ പതിപ്പിച്ചുകൊണ്ട് ജീവിക്കുവാനും നിത്യമഹത്ത്വം പ്രാപിക്കുവാനും അനുഗ്രഹിക്കണമേ. ആമ്മേൻ"

(സീറോ മലബാർസഭയുടെ കുർബാനക്രമത്തിൽനിന്നും)

**For private circulation only**

പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്